

# ടച്ച് മീ

TOUCH ME

ഒക്ടോബർ 2024

10-ാം

ചരമവാർഷികം

07-10-2024



# വി.സി. തമ്പി

വടക്കൂട്ട് ഹൗസ്

കക്കാട് - കുന്നംകുളം

ദുഃഖസ്മരണകളോടെ : ഭാര്യ, മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ



ESTD : 1747

# ടച്ച് മീ

TOUCH ME


## പാരിഷ് ബുള്ളറ്റിൻ

പുസ്തകം : 17 – 2024 ഒക്ടോബർ – ലക്കം : 2



സെന്റ്. സെബാസ്റ്റ്യൻ കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
(മറ്റം ഫെറോന – തൃശ്ശൂർ അതിരൂപത)
kunnamkulamch@adtcr.org
www.touchmekkm.in



## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ഡെയ്സൻ മുണ്ടോപുറം**
96566 54567

എഡിറ്റർ
**ജോണി ബെഫോ**
93493 79009

സബ്ബ് എഡിറ്റേഴ്സ്
**സിസ്റ്റർ അൻസ ജോസ്** CMC
80869 50771

**M.K. ദേവസ്സി**
94953 28758

**ജോൺസൺ പാവു**
94476 54230

സെക്രട്ടറി, ഇടവക PRO
**V.C. ജോസി**
98470 17297
E-mail : vcjosy@gmail.com

ട്രഷറർ
**M.L. സുനിൽ**
98464 34411

അംഗങ്ങൾ
ഡോ. പോൾ C. റാഫേൽ 94467 22050
ജോയ്സി തോംസൺ തച്ചിൽ 81295 34205
ബിന്ദു രാജു 98478 31110
ആനന്ദി സുനിൽ 94958 55053

കൈക്കാരന്മാർ
പേൾജു ബി. ചുങ്കത്ത് 98470 31110
കെ.ജി. ബാബു 99619 99487
സി.എൻ. ഇമ്മാനുവേൽ 95390 30439


## താളുകൾ മറിയ്ക്കുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| ഇടവക വാർത്തകൾ | 5 |
| വിശ്വാസപരിശീലനം | 9 |
| സഭാ വാർത്തകൾ | 11 |
| ജൂനിയർ സി.എൽ.സി. | 12 |
| പഞ്ചക്ഷതം | 13 |
| വഴിവിളക്ക് | 15 |
| പ്രതിനിധിയോഗ വാർത്തകൾ | 16 |
| ജപമാലയും മാർപാപ്പമാരും | 17 |
| ഈശോയുടെ ശിഷ്യത്വം | 21 |
| മാലാഖമാർ | 21 |
| ശയ്യാവ്രണം | 23 |
| സംഘടനാ വാർത്തകൾ | 25 |
| ഇടവക ആൽബം | 27 |
| മിഴിവിളക്ക് | 29 |
| അടിക്കുറിപ്പ് മത്സരം | 30 |
| നിറംകൊടുക്കാമോ | 31 |
| വചന കലണ്ടർ | 32 |


## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

കന്യകാമറിയത്തിന്റെ ജപമാല എന്ന അപ്പസ്തോലിക ലേഖനത്തിൽ ജോൺ പോൾ രണ്ടാമൻ പാപ്പാ ഇങ്ങനെ എഴുതി; "ക്രിസ്തു കേന്ദ്രീകൃതമായ പ്രാർത്ഥനയാണ്. സുവിശേഷത്തിന്റെ അന്തസത്ത മുഴുവനും അതിൽ അടങ്ങിയിരിക്കുന്നു. രക്ഷകൻ മറിയത്തിന്റെ ഉദരത്തിൽ മനുഷ്യാവതാരമെടുത്തപ്പോൾ അവൾ പാടിയ സ്തോത്രഗീതത്തിന്റെ പ്രതിധ്വനിയാണ് ജപമാല". അതെ, ദൈവമാതാവ് സ്വർഗത്തിലേക്കുള്ള ഗോവണിയാണ്. ഗോവണി വഴി ദൈവം ഇറങ്ങി വന്നത് മനുഷ്യർ മറിയം വഴി സ്വർഗത്തിലേക്ക് കയറിപോകുവാനാണ്. ജപമാല ദിവസവും ചൊല്ലി പ്രാർത്ഥിക്കുന്ന ആരും ഒരിക്കലും വഴിപിഴച്ചു പോവുകയില്ല. എന്റെ ഹൃദയരക്തം കൊണ്ടു ഒപ്പിടാൻ ഞാൻ ആഗ്രഹിക്കുന്ന പ്രമാണമാണിത്. "മരിയ വിജ്ഞാനത്തിൽ അഗ്രഗണ്യനായ വിശുദ്ധ ലൂയീസ് ഡി. മോൺഫോർട്ടിന്റേതാണ് ഈ വാക്കുകൾ.

ജപമാലയുടെ ശക്തി മനസ്സിലാക്കി കഴിഞ്ഞാൽ പിന്നെ ഒരു ദിവസവും ജപമാല ചൊല്ലാതിരിക്കാൻ നമുക്കാവില്ല. ദിവ്യരഹസ്യങ്ങളുടെ റോസാപുഷ്പങ്ങൾ ഒളിപ്പിച്ചു വച്ചിരിക്കുന്ന ഒരു താക്കോലാണ് ജപമാല. പൈശാചിക പീഢകളിൽ നിന്ന് രക്ഷപ്പെടാനും പാപത്തിൽ നിപതിക്കാതിരിക്കാനും നിരന്തരമായ സംരക്ഷണത്തിന്റേയും അനുഗ്രഹത്തിന്റേയും കോട്ട നമുക്ക് ചുറ്റും തീർക്കുന്ന അമർത്യതയുടെ കവചമാണ് പരിശുദ്ധ ജപമാല.

മുട്ടിന്മേൽനിന്ന് ത്യാഗത്തോടെയും സഹനത്തോടെയും കണ്ണുനീരോടെയും അടിയുറച്ച വിശ്വാസത്തോടെയും പരിശുദ്ധ മാതാവിന്റെ കരം പിടിച്ച് സ്വർഗ്ഗത്തിലേയ്ക്ക് ഉയർത്തുന്ന ജപമാല പ്രാർത്ഥന ഒരിക്കലും ഫലരഹിതമാകാറില്ല. മക്കളുടെ പ്രാർത്ഥന കേൾക്കാതിരിക്കാൻ ഏത് അമ്മയ്ക്കാണ് സാധിക്കുക? ലോകദൃഷ്ടിയിൽ അസാധ്യമെന്ന് എഴുതിത്തള്ളിയ പലതിനേയും സാധ്യമാക്കാൻ ഈ ജപമണികൾക്കാകും. ഓരോ ജപമണികളിലും നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ഉരുവിടുമ്പോൾ പരിശുദ്ധ അമ്മയുടെ കൈകളിൽ നമ്മുടെ ജീവിതം തന്നെയാണ് ഭരമേൽപ്പിക്കുന്നത്. അമ്മ നമ്മളെ ഒരിക്കലും കൈവിടുകയില്ല. അമ്മയുടെ ഹൃദയത്തോട് ചേർന്നിരുന്ന് ആ കരുതലും സ്നേഹവും ആവോളം ആസ്വദിച്ച് ഈ ജപമാല മാസത്തിൽ കൂടുതൽ ജപമാലകൾ ചൊല്ലി മറിയമാകുന്ന ഗോവണിയിലൂടെ നമുക്ക് ക്രിസ്തുവിലേക്ക് എത്തിച്ചേരാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ടച്ച് മീ
TOUCH ME
*എഡിറ്റോറിയൽ ബോർഡ്*



# ഇടയമൊഴി


പ്രിയ ഇടവക ജനമേ,

കൊന്ത നമസ്കാരത്തിലെ അടിസ്ഥാന പ്രാർത്ഥനകളെകുറിച്ച് ചിന്തിക്കാം "സ്വർഗ്ഗസ്ഥനായ പിതാവേ" നമ്മുടെ കർത്താവ് തന്നെ പഠിപ്പിച്ച പ്രാർത്ഥനയാണ് (മത്താ. 6:9). നന്മനിറഞ്ഞ മറിയത്തിന്റെ പൂർവ്വ ഭാഗം ഗബ്രിയേൽ മാലാഖയുടെ മംഗളവാർത്തയും ഏലീശ്വാമ്മയുടെ അഭിവാദ്യവും ചേർന്നതാണ് (വി. ലൂക്കാ 1:28 - 42). "നന്മനിറഞ്ഞ മറിയ"ത്തിന്റെ രണ്ടാം ഭാഗം സുവിശേഷാടിസ്ഥാനത്തിൽ ക്രൈസ്തവ സമൂഹം രൂപപ്പെടുത്തിയതാണ്. (വി. ലൂക്കാ 1:42 - 43, യോഹ 1:19 - 27) "പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി" എന്ന നിത്യസ്തുതി ദൈവാവിഷ്കൃതവും കർത്വപ്രബോധനവും ബൈബിളധിഷ്ഠിതവുമായ ഒരു വിനയാന്വിത വിശ്വാസ പ്രഖ്യാപനവുമാണ്. കൊന്ത നമസ്കാരത്തിന് ആമുഖമായി ചൊല്ലുന്ന വിശ്വാസ പ്രമാണം ക്രിസ്തുമത പ്രബോധനങ്ങളുടെ സംഗ്രഹമാണല്ലോ. 20 രഹസ്യങ്ങളിലൂടെ നാം ഓർക്കുന്നത് കർത്താവിശോ മിശിഹായുടെ മനുഷ്യാവതാരം, പീഡാസഹനം, കുരിശുമരണം, ഉത്ഥാനം, രക്ഷാചരിത്രസംഭവങ്ങളും - ഈ സംഭവങ്ങളോട് സഗാഢം സഹകരിച്ച കന്യകാമറിയത്തിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളുമാണ്. നാം കൊന്ത ചൊല്ലുമ്പോൾ, നമ്മുടെ അധരങ്ങളിലൂടേയും, ഹൃദയത്തിലൂടേയും, കൈവിരലുകൾക്കിടയിലൂടേയും കടന്നുപോകുന്നത് രക്ഷാചരിത്ര സംഭവങ്ങളാണ്. അങ്ങനെ തികച്ചും ക്രിസ്തു കേന്ദ്രീകൃതവും ബൈബിളധിഷ്ഠിതവുമായ ഈ വിശ്വാസ പൈതൃകം കൊന്ത നമസ്കാരത്തിലൂടെ അനായാസമായ ഒരു പ്രാർത്ഥനയായി രൂപാന്തരപ്പെടുന്നു.

കൊന്ത നമസ്കാരത്തിലൂടെ എന്തെന്ത് ദൈവാനുഗ്രഹങ്ങളാണ് ക്രൈസ്തവ ഭവനങ്ങളിലേക്ക് പ്രവഹിച്ചുകൊണ്ടിരിക്കുന്നത്! ദൈവാത്മാവു തന്നെ ലൂർദ്ദിലും ഫാത്തിമയിലും പ്രത്യക്ഷപ്പെട്ട അവസരങ്ങളിൽ പാപികളുടെ മാനസാന്തരത്തിനും ലോകസമാധാനത്തിനും വേണ്ടി, നിർദ്ദേശിച്ച് പ്രോത്സാഹിപ്പിച്ചത് ഈ ജപമാല ഭക്തിയായിരുന്നു. പരി. കന്യകാമറിയത്തിന്റെ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപിച്ച 9-ാം പീയൂസ് മാർപാപ്പയുടെ ഇഷ്ടപ്പെട്ട പ്രാർത്ഥനയായിരുന്നു ജപമാല. ലളിതമാനസനും സിദ്ധനും വൃദ്ധനുമായിരുന്ന 23-ാം ജോൺ മാർപാപ്പയും തന്റെ ഭാരിച്ച ജോലികൾക്കിടയിൽ കൊന്ത ചൊല്ലിയിരുന്നു. ലോകം മുഴുവന്റേയും പാവപ്പെട്ടവരുടെ അമ്മയായ മദർ തെരേസായുടെ അത്ഭുതകരമായ പ്രവർത്തനങ്ങൾ മാനസീകവും ശാരീരികവുമായ ശക്തി നൽകിയിരുന്നത് രണ്ട് കാര്യങ്ങളായിരുന്നുവെന്ന് അവർ തുറന്നു പറയുന്നു. ഒന്ന് വിശുദ്ധ കുർബാനയും, രണ്ട് കൊന്തനമസ്കാരവും. ഇത് രണ്ടും നമ്മുടെ ജീവിതത്തിലും ചേർത്ത് പിടിക്കാം. ദൈവം അനുഗ്രഹിക്കട്ടെ.

യേശുവിൽ സ്നേഹപൂർവ്വം
വികാരിയച്ചൻ
**ഫാ. ഡെയ്സൻ മുണ്ടോപുറം**

# ഇടവക കുടുംബത്തിന്റെ നന്ദി



**എം. എൽ. മാണി**



**പോയ്സ് ജേബി**



**ജോപോൾ വി. ആലപ്പാട്ട്**


2023 - 24 പ്രവർത്തന കാലഘട്ടത്തിൽ
ഇടവകയുടെ കൈക്കാരന്മാരായി ശുശ്രൂഷ ചെയ്ത
**എം. എൽ. മാണി, പോയ്സ് ജേബി, ജോപോൾ വി. ആലപ്പാട്ട്** എന്നിവർക്കും
ഒപ്പം ഈ പ്രവർത്തന കാലഘട്ടത്തിൽ പള്ളി എക്കൗണ്ടന്റുമാരായിരുന്ന
**സിജോ ജോസഫ്, എം. ആർ. ആന്റോ** എന്നിവർക്കും
ഇന്റേണൽ ഓഡിറ്റർമാരായിരുന്ന
**സി. ഒ. ആന്റണിക്കും, ജോസ്സി ഫ്രാൻസീസിനും**

**ഇടവക കുടുംബത്തിന്റെ നന്ദി...**

# പ്രാർത്ഥനാശംസകൾ



**പേൾജു ബി. ചുങ്കത്ത്**



**കെ. ജി. ബാബു**



**സി. എൻ. ഇമ്മാനുവേൽ**

2024 - 25 പ്രവർത്തന കാലഘട്ടത്തിൽ
ഇടവക കൈക്കാരന്മാരായി ശുശ്രൂഷചെയ്യാൻ തെരഞ്ഞെടുത്ത
**ചുങ്കത്ത് ബേബി പേൾജു, , കുറ്റിക്കാട്ട് ജോർജ്ജ് ബാബു,**
**ചുളുവിൽ എൻ. ഇമ്മാനുവേൽ** എന്നിവർക്ക്

**ഇടവക കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ**

# Happy Birthday

**24-10-2024**



## Rev. Fr. Daison Mundopuram

*(Vicar, St. Sebastian Church, Kunnamkulam)*

ഒക്ടോബർ 24ന് ജന്മദിനം ആഘോഷിക്കുന്ന
നമ്മുടെ ഡെയ്സനച്ചന്
കുന്നംകുളം സെൻ്റ് സെബാസ്റ്റ്യൻ ഇടവക കുടുംബം
പ്രാർത്ഥനാപൂർവ്വം
ജന്മദിനാശംസകൾ നേരുന്നു




10th HAPPY BIRTHDAY
03-10-2024
Evan Johnson
S/o. Johnson & Femi Johnson
Cheeran House
Kunnamkulam
Best Compliments From
Appa, Amma
Evelyn


Happy Birthday
30-10-2024
Selas Alappat
Alappat House
Kottayil Road - Kunnamkulam
Best Compliments From
Saavin Alappat
Ammama, Kochappa

# ഇടവക വാർത്തകൾ

**ഒക്ടോബർ 1 ചൊവ്വ - മരിയോത്സവം**
**വി. കൊച്ചുത്രേസ്യായുടെ തിരുനാൾ & ജൂനിയർ സി.എൽ.സി. പതാകദിനം**

**☆ അമ്മയോടൊപ്പം 2024 ☆ പ്രയർഫ്രണ്ട് 2024 ☆ അമ്മ മൊഴി 2024**
**☆ മാതൃനിയോഗ സമർപ്പണം 2024 ☆ ഡിജിറ്റൽ പ്രെയർ ഫ്രണ്ട് പോസ്റ്റർ**

5.30 pm : ജൂനിയർ സി.എൽ.സി. പതാകവന്ദനം, വി. കൊച്ചുത്രേസ്യയുടെ ലദ്ദീഞ്ഞ് & നൊവേന
(നേതൃത്വം : ജൂനിയർ സി.എൽ.സി.)

6.00 pm : വി. കുർബാന, ആരാധനയോടെ ജപമാല, ലുത്തിനിയയുടെ അകമ്പടിയോടെ ദിവ്യകാരുണ്യ പ്രദക്ഷിണം, വാഴ്വ്, നേർച്ചവിതരണം.

NB : ഒക്ടോബർ 1 മുതൽ 10 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ രാവിലെ വി. കുർബാന ഉണ്ടായിരിക്കുന്നതല്ല. വൈകീട്ട് 6 മണിക്ക് വി. കുർബാനയും തുടർന്ന് ആഘോഷമായ ഇടവകതല ജപമാല സമർപ്പണവും.

**ഇടവകതല ജപമാല സമർപ്പണത്തിനും ആ ദിവസത്തെ വി. കുർബാനയ്ക്കും, നേതൃത്വം നൽകേണ്ട കുടുംബകൂട്ടായ്മകളുടെ പേരുകൾ താഴെ ചേർക്കുന്നു.**

| | |
|---|---|
| ഒക്ടോബർ 1 ചൊവ്വ | : സെന്റ് ജോസഫ് കുടുംബകൂട്ടായ്മ |
| ഒക്ടോബർ 2 ബുധൻ | : മേരിമാതാ കുടുംബകൂട്ടായ്മ (സോൺ 1) |
| ഒക്ടോബർ 3 വ്യാഴം | : മേരിമാതാ കുടുംബകൂട്ടായ്മ (സോൺ 2) |
| ഒക്ടോബർ 4 വെള്ളി | : സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ (സോൺ 1) |
| ഒക്ടോബർ 5 ശനി | : സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ (സോൺ 2) |
| ഒക്ടോബർ 6 ഞായർ | : സെന്റ് തോമസ് കുടുംബകൂട്ടായ്മ (സോൺ 1) |
| ഒക്ടോബർ 7 തിങ്കൾ | : സെന്റ് തോമസ് കുടുംബകൂട്ടായ്മ (സോൺ 2) |
| ഒക്ടോബർ 8 ചൊവ്വ | : സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ (സോൺ 1) |
| ഒക്ടോബർ 9 ബുധൻ | : സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ (സോൺ 2) |
| ഒക്ടോബർ 10 വ്യാഴം | : സെന്റ് സേവ്യർ കുടുംബകൂട്ടായ്മ |

NB : മേൽപറഞ്ഞിരിക്കുന്ന കുടുംബകൂട്ടായ്മകൾക്ക് നിശ്ചയിക്കപ്പെട്ട ദിവസത്തിൽ ഉച്ചതിരിഞ്ഞ് 4.45 മുതൽ 5.45 വരെയും വൈകീട്ട് 7.30 മുതൽ 8.30 വരേയും ആണ്ടുകുമ്പസാരത്തിന് എഴുതിക്കുവാൻ കുടുംബ ഡയറിയുമായി കുടുംബാംഗങ്ങളിൽ ഒരാൾ വികാരി ഓഫീസിൽ വികാരിയച്ചനെ സമീപിക്കേണ്ടതാണ്.

**ഒക്ടോബർ 4 വെള്ളി - പാപ്പദിനം & മാസാദ്യവെള്ളി**

5.30 pm : പാപ്പദിനം പതാകവന്ദനം & പുഷ്പാർച്ചന, ലദ്ദീഞ്ഞ്, നൊവേന
(നേതൃത്വം : തിരുബാലസഖ്യം)

**ഒക്ടോബർ 6 ഞായർ - ബൈബിൾ ക്വിസ് 2024 & വിശ്വാസപരിശീലന അർദ്ധവാർഷിക പരീക്ഷ**

6.00 am : വി. കുർബാന
2.00 pm : വിശ്വാസ പരിശീലന അർദ്ധവാർഷിക പരീക്ഷ
(Std. I, III, V, VII, IX, XI)
3.00 pm : ബൈബിൾ ക്വിസ് കുടുംബകൂട്ടായ്മകൾക്ക്
(നേതൃത്വം : കത്തോലിക്ക കോൺഗ്രസ്സ്)
4.30 pm : വിശ്വാസ പരിശീലന ക്ലാസ്സുകൾ
6.00 pm : വി. കുർബാന, ഇടവകതല ജപമാല സമർപ്പണം.

**ഒക്ടോബർ 10 വ്യാഴം- കുടുംബകൂട്ടായ്മതല ജപമാല സമർപ്പണം**

6.00 pm : വി. കുർബാന, ഇടവകതല ജപമാല സമർപ്പണം തുടർന്ന് കുടുംബകൂട്ടായ്മതല ജപമാല സമർപ്പണത്തിനായുള്ള മാതാവിന്റെ തിരുസ്വരൂപം ഗ്രിഗോറിയൻ ജപമാലയും, മുത്തുകുടയും കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് കൈമാറുന്നു.

NB : ഒക്ടോബർ 11-ാം തിയ്യതി മുതൽ 30-ാം തിയ്യതി ഉൾപ്പെടെയുള്ള ദിവസങ്ങളിൽ കുടുംബകൂട്ടായ്മ തല ജപമാല സമർപ്പണം - ദിവസവും കുടുംബകൂട്ടായ്മ നിശ്ചയിക്കുന്ന സമയത്ത് ഓരോ ഭവനങ്ങളിലും കുടുംബകൂട്ടായ്മ അംഗങ്ങൾ ഒരുമിച്ചുകൂടി ജപമാല ചൊല്ലുന്നു. കുടുംബകൂട്ടായ്മയിലെ എല്ലാ ഭവനങ്ങളിലും മാതാവിന്റെ തിരുസ്വരൂപം ഗ്രിഗോറിയൻ ജപമാലയും ഒരു പകലും ഒരു രാത്രിയും വെക്കുവാൻ അവസരം ഒരുക്കേണ്ടതാണ്.

**ഒക്ടോബർ 11 വെള്ളി - എട്ടാം വെള്ളിയാചരണം**

5.45 am : ആരാധന, കരുണകൊന്ത
6.30 am : വി. കുർബാന, ലദീഞ്ഞ്, നൊവേന, നേർച്ചവിതരണം

**ഒക്ടോബർ 12 ശനി - കപ്പേളയിൽ ലദീഞ്ഞ്, നൊവേന**

6.30 pm : സെന്റ് ആന്റണീസ് കപ്പേളയിൽ ലദീഞ്ഞ്, നൊവേന

**ഒക്ടോബർ 13 ഞായർ - മരിയൻ ഗാനാലാപന മത്സരം 2024 & വിശ്വാസ പരിശീലന അർദ്ധവാർഷിക പരീക്ഷ & ആദ്യ ഫല ലേലം**

7.15 am : ആദ്യ ഫല ലേലം
(നേതൃത്വം : സെന്റ് ജോസഫ് കുടുംബകൂട്ടായ്മ & മേരിമാതാ കുടുംബകൂട്ടായ്മ)
10.30 am : മരിയൻ ഗാനാലാപന മത്സരം 2024
(നേതൃത്വം : ഗായകസംഘം)
2.00 pm : വിശ്വാസപരിശീലന അർദ്ധവാർഷിക പരീക്ഷ
(Std. II, IV, VI, VIII, X, XII & ACC)

**ഒക്ടോബർ 15 ചൊവ്വ - കപ്പേളയിൽ ലദീഞ്ഞ്, നൊവേന**

6.30 pm : സെന്റ് ആന്റണീസ് കപ്പേളയിൽ ലദീഞ്ഞ്, നൊവേന

**ഒക്ടോബർ 18 വെള്ളി - ഒൻപതാം വെള്ളിയാചരണം**

NB : രാവിലെ വി. കുർബാന ഉണ്ടായിരിക്കുന്നതല്ല.

8.30 am : ഒൻപത് മണിക്കൂർ ആരാധന, അഖണ്ഡജപമാല & കുമ്പസാരം (നേതൃത്വം : പ്രാർത്ഥനാഗ്രൂപ്പ്)

5.30 pm : വി. സെബാസ്ത്യാനോസിന്റെ ലദ്ദീഞ്ഞ്, നൊവേന & ദിവ്യകാരുണ്യ പ്രദക്ഷിണം (നേതൃത്വം : ആത്മായ പ്രേഷിത സമിതി)

6.15 pm : കാഴ്ചസമർപ്പണം, തിരിതെളിയിക്കൽ, ആഘോഷമായ വി. കുർബാന, സന്ദേശം, സ്നേഹോപകാര സമർപ്പണം, തിരുആട സമർപ്പണം & നേർച്ചഊട്ട് (നേതൃത്വം : ആത്മായ പ്രേഷിത സമിതി)

**ഒക്ടോബർ 20 ഞായർ - യുവജന വർഷ യുവജന കുമ്പസാരം - വി. കുർബാന & ആദ്യ ഫല ലേലം**

7.15 am : ആദ്യ ഫല ലേലം (നേതൃത്വം : സെന്റ് തോമസ് & സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മകൾ)

5.00 pm : യുവജന വർഷ യുവജന കുമ്പസാരം, വി. കുർബാന

**ഒക്ടോബർ 25 വെള്ളി - ഒന്നാം വെള്ളിയാചരണം**

5.45 am : ആരാധന, കരുണകൊന്ത

6.30 am : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന, നേർച്ചവിതരണം

**ഒക്ടോബർ 27 ഞായർ - ഇടവക ജപമാല റാലി & ആദ്യഫല ലേലം**

7.15 am : ആദ്യഫല ലേലം (നേതൃത്വം : സെന്റ് ജോർജ്ജ് & സെന്റ് സേവ്യർ കുടുംബകൂട്ടായ്മകൾ)

4.00 pm : ഇടവക ജപമാല റാലി (നേതൃത്വം : വിശ്വാസപരിശീലനം & കെ.എൽ.എം.)

**ഒക്ടോബർ 28, 29, 30 (തിങ്കൾ, ചൊവ്വ, ബുധൻ) : മരിയൻ ധ്യാനം**

10.00 am to 3.00 pm : മരിയൻ ധ്യാനം

**ഒക്ടോബർ 31 വ്യാഴം : ജപമാലരാജ്ഞി തിരുനാൾ & റോസ മിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി ദിനം & 12 മണിക്കൂറ് അഖണ്ഡജപമാല**

5.15 am : വി. കുർബാന, പതാകവന്ദനം

6.00 am : 12 മണിക്കൂർ ആരാധന, അഖണ്ഡജപമാല

**അഖണ്ഡജപമാലയ്ക്ക് നേതൃത്വം നൽകേണ്ട സംഘടനകൾ**

6.00 am : പ്രാർത്ഥനാഗ്രൂപ്പ്

7.00 am : കെ.എൽ.എം.

8.00 am : കത്തോലിക്കാ കോൺഗ്രസ്സ്

9.00 am : യൂത്ത് സി.എൽ.സി.

10.00 am : ജീസസ് യൂത്ത്

11.00 am : ഗായകസംഘം

12.00 am : അൾത്താരസംഘം
1.00 pm : ജൂനിയർ സി.എൽ.സി.
2.00 pm : റോസ മിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി
3.00 pm : മാതൃവേദി
4.00 pm : തിരുബാലസഖ്യം
5.00 pm : കെ.സി.വൈ.എം. & ബഹു. സിസ്റ്റേഴ്സ്

NB : വൈകീട്ട് 5.30നും 6മണിക്കും ഇടയിൽ കുടുംബകൂട്ടായ്മയിൽ നിന്നുള്ള ജപമാല റാലി ദൈവാലയത്തിൽ എത്തിച്ചേരുകയും, മാതാവിന്റെ തിരുസ്വരൂപവും ഗ്രിഗോറിയൻ ജപമാലയും സമർപ്പിക്കേണ്ടതാണ്.

6.00 pm : കാഴ്ചസമർപ്പണം, തിരുനാൾ കുർബാന, സന്ദേശം, കാരുണ്യ സമർപ്പണം, ആദരണീയം, നേർച്ചപായസവിതരണം & വർണ്ണമഴ (നേതൃത്വം : റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി)

**നവംബർ 1 വെള്ളി - സകല വിശുദ്ധരുടേയും തിരുനാൾ & രണ്ടാം വെള്ളിയാചരണം**

5.30 am : ആരാധന, കരുണകൊന്ത
6.15 am : സകല വിശുദ്ധരുടേയും ലുത്തിനിയ, വിശുദ്ധർക്ക് ഹാര സമർപ്പണം & പുഷ്പാർച്ചന (നേതൃത്വം : ജൂനിയർ സി.എൽ.സി)
7.00 pm : സെമിത്തേരിയിൽ വി. കുർബാന & വലിയ ഒപ്പീസ്

**നവംബർ 2 ശനി - സകല മരിച്ചവരുടേയും ഓർമ്മ തിരുനാൾ & കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന**

6.00 am : റീത്ത് സമർപ്പണം & മഞ്ച - പുഷ്പ സമർപ്പണം (നേതൃത്വം : കെ.സി.വൈ.എം. & യൂത്ത് സി.എൽ.സി.)
6.30 am : സകല മരിച്ചവരുടേയും ഓർമ്മതിരുനാൾ, വലിയ ഒപ്പീസ്
8.00 am : ബലിസമർപ്പണം (നേതൃത്വം : മാതൃവേദി)
6.30 pm : സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ്, നൊവേന

**ഒക്ടോബർ മാസത്തിലെ ഞായറാഴ്ചകളിൽ ഒന്നാമത്തെ വി. കുർബാന ബൈബിൾ വാനയകൾക്കും കാറോസൂസ ശുശ്രൂഷയ്ക്കും നേതൃത്വം നൽകേണ്ട കുടുംബകൂട്ടായ്മകൾ**

| തിയ്യതി | കുടുംബകൂട്ടായ്മ |
|---|---|
| ഒക്ടോബർ 6 ഞായർ | സെന്റ് സേവ്യർ കുടുംബകൂട്ടായ്മ |
| ഒക്ടോബർ 13 ഞായർ | സെന്റ് ജോസഫ് കുടുംബകൂട്ടായ്മ |
| ഒക്ടോബർ 20 ഞായർ | മേരിമാതാ കുടുംബകൂട്ടായ്മ |
| ഒക്ടോബർ 27 ഞായർ | സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ |



പാവനസ്മരണയ്ക്ക്

## 10-ാം ചരമവാർഷികം

18-10-2024



# ജോയ് ജോസഫ്

വടക്കേത്തല ഹൗസ്
ചിറളയം, കുന്നംകുളം

ജനനം
07 - 06 - 1951

മരണം
18 - 10 - 2014

സ്നേഹസ്മരണകളോടെ :
**സന്തപ്ത കുടുംബാംഗങ്ങൾ**

E



## 2-ാം ചരമവാർഷികം

കൊള്ളന്നൂർ
ബാബു
# ജിജോ

**ചിറളയം, മേലെങ്ങാടി**





ജനനം : 22-04-1966

മരണം : 04-10-2022

ഭാര്യ : മേഴ്സി
മക്കൾ : സിജിൻ, സ്റ്റിംഗ്സൺ

---





## 4-ാം ചരമവാർഷികം

24-10-2024

വാഴപ്പിള്ളി
ഫ്രാൻസീസ്
# ആന്റണി

**കുന്നംകുളം**

ജനനം
4-5-1958

മരണം
24-10-2020

പ്രാർത്ഥനയോടെ : ഭാര്യ & മക്കൾ






പി.എ. ലില്ലി
(പ്രിൻസിപ്പാൾ)

## വിശ്വാസ പരിശീലനം


പ്രിയ കുഞ്ഞുങ്ങളേ,

എല്ലാവർക്കും സുഖമല്ലേ? ഓണാഘോഷവും അവധിയുമെല്ലാം കഴിഞ്ഞ് എല്ലാവരും വീണ്ടും പഠനത്തിന്റെ തിരക്കിലേക്ക് മടങ്ങിയിരിക്കും. നല്ല കാര്യം. നമ്മുടെ പരീക്ഷ ഈ മാസമാണെന്ന് എല്ലാവർക്കും അറിയാമല്ലോ. പാഠഭാഗങ്ങളും പ്രാർത്ഥനകളും എല്ലാം എടുത്തു കഴിഞ്ഞല്ലോ. റിവിഷനും പഴയ ചോദ്യപേപ്പറുകളും റഫർ ചെയ്യുമല്ലോ. ഒക്കെ നടക്കുന്നുണ്ടെന്നു കരുതുന്നു. എല്ലാവരും നന്നായി പഠിച്ച് പരീക്ഷയെഴുതണം. നല്ല മാർക്ക് വാങ്ങണം.

മറ്റൊരു കാര്യം എല്ലാവർക്കും അറിവുള്ളതാണ് ഒക്ടോബർ മാസം ജപമാല മാസമാണ്. മരിയഭക്തിക്കുവേണ്ടി പ്രത്യേകം മാറ്റിവെച്ച മാസം. ശരിയായ വിശ്വാസത്തോടും ശുദ്ധിയോടും കൂടി മാതാവിനോടുള്ള ഭക്തിയിൽ ജീവിക്കണം. കൊന്തമാസത്തോടനുബന്ധിച്ച് പള്ളിയിലും പ്രത്യേക പ്രാർത്ഥനകൾ ഉണ്ടാകും. അതിലും എല്ലാവരും പങ്കെടുക്കുക.

പരീക്ഷയിൽ നല്ല മാർക്ക് വാങ്ങാൻ എല്ലാവർക്കും സാധിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ട്,

സ്നേഹത്തോടെ,
ലില്ലിടീച്ചർ



### അനുമോദനങ്ങൾ

ആഗസ്റ്റ് മാസത്തിൽ ഇടവകയിലെ
മികച്ച അൾത്താരബാലനായി
തെരഞ്ഞെടുത്ത
**ചുങ്കത്ത് ബാബു ക്രിസ്റ്റിൻ–ന്**
***ഇടവകയുടേയും ടച്ച്മീയുടേയും***
***അനുമോദനങ്ങൾ***

## സംഘടന / സമിതി മീറ്റിംഗുകളുടെ ദിവസവും സമയവും

| | |
|---|---|
| ഒന്നാം ഞായർ രാവിലെ 7.30ന് | കുടുംബകൂട്ടായ്മ കേന്ദ്രസമിതി |
| ഒന്നാം ഞായർ രാവിലെ 10.30ന് | വിശ്വാസപരിശീലന അധ്യാപക സമിതി |
| ഒന്നാം ഞായർ വൈകീട്ട് 5.00ന് | അൾത്താരസംഘം |
| ഒന്നാം ബുധൻ വൈകീട്ട് 5.00ന് | പ്രാർത്ഥനാ ഗ്രൂപ്പ് |
| രണ്ടാം ഞായർ രാവിലെ 7.30ന് | കെ. എൽ. എം. |
| രണ്ടാം ഞായർ രാവിലെ 10.30ന് | യൂത്ത് സി. എൽ. സി. |
| രണ്ടാം ഞായർ വൈകീട്ട് 5.00ന് | ഗായകസംഘം |
| മൂന്നാം ശനി വൈകീട്ട് 8.00ന് | ടച്ച് മീ എഡിറ്റോറിയൽ ബോർഡ് |
| മൂന്നാം ഞായർ രാവിലെ 7.30ന് | ഇടവക പ്രതിനിധിയോഗം |
| മൂന്നാം ഞായർ രാവിലെ 10.30ന് | തിരുബാലസഖ്യം |
| മൂന്നാം ഞായർ രാവിലെ 10.30ന് | ജൂനിയർ സി. എൽ. സി. |
| മൂന്നാം ഞായർ വൈകീട്ട് 5.00ന് | ജീസസ് യൂത്ത് |
| നാലാം ഞായർ രാവിലെ 7.30ന് | കത്തോലിക്കാ കോൺഗ്രസ്സ് |
| നാലാം ഞായർ രാവിലെ 10.30ന് | മാതൃവേദി |
| നാലാം ഞായർ വൈകീട്ട് 5.00ന് | കെ. സി. വൈ. എം. |
| അഞ്ചാം ഞായർ രാവിലെ 7.30ന് | ഭക്തസംഘടന ഏകോപനസമിതി |
| അഞ്ചാം ഞായർ രാവിലെ 10.30ന് | റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി |

## അഭിനന്ദനങ്ങൾ



**പി. ജെ. കൃപദാസ്**



**സാന്ദ്ര എം. സുനിൽ**

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക
2024 **യുവജന പ്രതിഭ അവാർഡ്** നേടിയ
**പുന്നത്തുകുളം ജോവാക്കിം കൃപദാസ്**
**മഠത്തിപ്പറമ്പിൽ സുനിൽ സാന്ദ്ര** എന്നിവർക്ക്
**ഇടവക കുടുംബത്തിന്റെ അഭിനന്ദനങ്ങൾ**





**മെഡ്ജുഗോറിയയിലെ പ്രതിഭാസത്തിന് വത്തിക്കാന്റെ അംഗീകാരം**

വത്തിക്കാൻ സിറ്റി: മെഡ്ജുഗോറിയയിലെ മാതാവിന്റെ പ്രത്യക്ഷീകരണവുമായി ബന്ധപ്പെട്ട ഭക്തിക്കും മെഡ്ജുഗോറിയയിലേക്ക് നടത്തുന്ന തീർത്ഥാടനങ്ങൾക്കും അനുമതി നൽകി വത്തിക്കാന്റെ വിശ്വാസകാര്യാലയം(ഡിക്കാസ്ട്രി ഫോർ ദി ഡോക്ട്രിൻ ഓഫ് ഫെയ്ത്ത്). മെഡ്ജുഗോറിയയുമായി ബന്ധപ്പെട്ട ഭക്തി നിരവധി ക്രിയാത്മകമായ ഫലങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും ദൈവജനത്തെ വിപരീതമായ രീതിയിൽ ബാധിച്ചിട്ടില്ലെന്നും ഫ്രാൻസിസ് മാർപാപ്പ അംഗീകരിച്ച 'സമാധാനത്തിന്റെ രാജ്ഞി' എന്ന രേഖയിൽ വ്യക്തമാക്കുന്നു. നാല് ദശാബ്ദങ്ങളോളം നീണ്ട വിശദമായ പഠനങ്ങൾക്ക് വിരാമം കുറിക്കാൻ സമയമായെന്ന് മെഡ്ജുഗോറിയയിലെ മാതാവിന്റെ പ്രത്യക്ഷീകരണങ്ങളുമായി ബന്ധപ്പെട്ട രേഖയിൽ വത്തിക്കാന്റെ വിശ്വാസകാര്യാലയം വ്യക്തമാക്കി.

**ദിവ്യകാരുണ്യത്തിന് മുൻഗണന നൽകണം;**
**യുവജനങ്ങളോട് പാപ്പ**

വത്തിക്കാൻ സിറ്റി: വിശുദ്ധ കാർലോ അക്യൂറ്റിസിനെപ്പോലെ ജീവിതത്തിൽ ദിവ്യകാരുണ്യത്തിന് മുൻഗണനനൽകണമെന്ന് ഫ്രാൻസിസ് മാർപാപ്പ. വിശുദ്ധ അക്യൂറ്റിസ് പറഞ്ഞതുപോലെ ദൈവസാന്നിധ്യം നൽകിക്കൊണ്ട് നമ്മെ പരിപോഷിപ്പിക്കുന്ന സ്വർഗത്തിലേക്കുള്ള ഹൈവേയാണ് ദിവ്യകാരുണ്യമെന്നും രൂപത തലത്തിൽ ആഘോഷിക്കുന്ന ലോകയുവജനദിനത്തിന് മുന്നോടിയായി നൽകിയ സന്ദേശത്തിൽ പാപ്പ പറഞ്ഞു. ക്രിസ്തുവിന്റെ രാജത്വ തിരുനാൾ ആഘോഷിക്കുന്ന നവംബർ 24നാണ് രൂപത തലത്തിലുള്ള ലോക യുവജനദിനം ആഘോഷിക്കുന്നത്.

ജീവിതത്തെ ഒരു തീർത്ഥാടനമായി കാണുവാനും ആ തീർത്ഥാടനമദ്ധ്യേ ഉണ്ടാകുന്ന വെല്ലുവിളികൾ ക്ഷമാപൂർവം അതിജീവിക്കുവാനും പാപ്പ ആഹ്വാനം ചെയ്തു. "കർത്താവിൽ പ്രത്യാശയർപ്പിക്കുന്നവർ ഓടിയാലും തളരുകയില്ല" എന്ന യുവജനദിനത്തിന്റെ പ്രമേയത്തെ കേന്ദ്രീകരിച്ചായിരുന്നു പാപ്പയുടെ സന്ദേശം. ഈ പ്രമേയത്തെ ' പ്രത്യാശയുടെ തീർത്ഥാടകർ' എന്ന 2025 ജൂബിലി വർഷത്തിന്റെ പ്രമേയവുമായി ബന്ധപ്പെടുത്തി കാണണമെന്ന് പാപ്പ പറഞ്ഞു.



**ജൂനിയർ സി.എൽ.സി. പംക്തി**

# വിശുദ്ധ ചെറുപുഷ്പം

**ആൻറിച്ച് തെരേസ ജോയ്**

ചെറുപുഷ്പം എന്ന പേരിൽ അറിയപ്പെടുന്ന ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ 1873 ജനുവരി 2ന് ഫ്രാൻസിലെ അലൻകോണിൽ ജനിച്ചു. തെരേസക്ക് 4 വയസ്സുള്ളപ്പോൾ അമ്മ മരിച്ചുപോയി. ഒരു മാതൃക ക്രിസ്തീയ കുടുംബത്തിലാണ് അവൾ വളർന്നത്. ചെറിയ കുട്ടിയായിരിക്കുമ്പോൾ തന്നെ കന്യാമറിയത്തിന്റെ ജീവിതം അവളെ വല്ലാതെ ആകർഷിച്ചിരുന്നു. പതിനഞ്ചാമത്തെ വയസ്സിൽ കർമ്മലീത്താ മഠത്തിൽ ചേരുവാൻ അനുവാദം ലഭിച്ചു. ദൈനംദിന ജോലികൾ പരിപൂർണ്ണ വിശ്വാസത്തോടെ ചെയ്തു ദൈവത്തിന്റെ പരിപോഷണത്തിലും, കാരുണ്യസ്നേഹത്തിലും, നിഷ്കളങ്കമായ കുഞ്ഞിന്റേതുപോലുള്ള മനോഭാവത്തിലും, സദാ സമയവും മറ്റുള്ളവരെ സേവിക്കാനുള്ള സന്നദ്ധതയിലും അവൾ വിശുദ്ധിയുടെ ഉന്നത ശ്രേണിയിലെത്തി. സഭയോട് ഏറെ സ്നേഹവും ജനങ്ങളെ സഭയിലേക്ക് ചേർക്കുവാൻ അതിയായ ആവേശവും അവൾ പുലർത്തിയിരുന്നു. 24-ാം വയസ്സിൽ 1897 സെപ്തംബർ 30ന് ക്ഷയരോഗം മൂലം അവൾ നിര്യാതയായി. 1925ൽ വിശുദ്ധയായി ഉയർത്തി. ഒരു മിഷനറിയാകാൻ അതിയായി ആഗ്രഹിച്ച ത്രേസ്യായെ 1928ൽ 11-ാം പീയൂസ് മാർപാപ്പ മിഷനറിമാരുടെ മദ്ധ്യസ്ഥയായി പ്രഖ്യാപിച്ചു.

"ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്ത് വിശുദ്ധിയുടെ കുറുക്കുവഴികൾ കണ്ടെത്തിയ വിശുദ്ധ കൊച്ചുത്രേസ്യ, നിഷ്കളങ്കമായ സ്നേഹത്തിലൂടെ വിശുദ്ധിയിൽ വളരാനുള്ള കൃപയ്ക്കായി മാദ്ധ്യസ്ഥം വഹിക്കേണമേ"

വിശുദ്ധ കൊച്ചുത്രേസ്യായുടെ ഈ പ്രാർത്ഥന അന്വർത്ഥമാക്കികൊണ്ട് നമുക്ക് ലോകത്തിന് മാതൃകയാകാം.

## ഓണം ഫെസ്റ്റ് 2024

| | |
|---|---|
| ഓവറോൾ ഫസ്റ്റ് | : മേരിമാതാ കുടുംബകൂട്ടായ്മ (270 പോയിന്റ്) |
| ഓവറോൾ സെക്കന്റ് | : സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ (230 പോയിന്റ്) |
| ഓവറോൾ തേഡ് | : സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ (220 പോയിന്റ്) |

**ഇടവക കുടുംബത്തിന്റെ അഭിനന്ദനങ്ങൾ**




*Sabu K. Jose & Jainy Sabu*

Kizhakkoot House, Kottayil Road, Kunnamkulam

**Best Compliments From : Aleena Sabu**




# SR. M. MARGARET PERAMAMNGALATH


**Missionary Sisters of St. Peter Claver**
**D/o. Mr. Kunjippu & Kunjhamma**
**Kottapadi**

| | | |
|---|---|---|
| Born | : | 27-08-1943 |
| 1st Profession | : | 01-07-1968 |
| Death | : | 30-09-2022 |

*With Prayers*

Alice Jose Kizhakoot
& Family
Kunnamkulam

H



# പഞ്ചക്ഷതം

ബ്രദർ ജോർജ്ജ് മാർട്ടിൻ മേലേത്ത്

ഈ വർഷം ഫ്രാൻസിസ്കൻ സന്യാസികൾക്ക് വളരെ പ്രാധാന്യമുള്ള വർഷമാണ്. നമ്മുടെ കർത്താവായ ഈശോ മിശിഹായുടെ തിരുമുറിവുകൾ ആദ്യമായിട്ട് വി. ഫ്രാൻസീസിന് ആണ് ലഭിച്ചത്. പഞ്ചക്ഷതങ്ങൾ സ്വീകരിച്ചിട്ട് ഇപ്പോൾ 800 വർഷമായി. 1224 സെപ്തംബർ 17-ാം തിയ്യതിയാണ് ഈ മഹാസംഭവം നടന്നത് ഈ മാസം 4-ാം തിയ്യതിയാണ് വിശുദ്ധ ഫ്രാൻസീസിന്റെ തിരുനാൾ.

പ്രാർത്ഥിക്കുകയല്ല, പ്രാർത്ഥന തന്നെ ആയിത്തീർന്ന ഒരു വ്യക്തിയാണ് വി. ഫ്രാൻസീസ്. പുണ്യാളൻ പലപ്പോഴും ആഴമായ പീഢാനുഭവധ്യാനങ്ങളിൽ ഏർപ്പെടുമായിരുന്നു. ഈശോ ചോരവിയർത്തു പ്രാർത്ഥിച്ചതും, കഠിനമായ പീഢകൾ സഹിച്ചതും, ഒരു കശ്മലനെപ്പോലെ പിടിച്ചുകെട്ടി വിചാരണയ്ക്ക് കൊണ്ടുപോകപ്പെട്ടതും, അന്യായമായ വിചാരണയും, ചാട്ടവാറടിയും, കുരിശു ചുമത്തപ്പെടുന്നതും, ക്രൂശിക്കപ്പെടുന്നതും എല്ലാം ധ്യാനിക്കുകയും കൺമുമ്പിൽ കാണുന്നതുപോലെ നിരൂപിക്കുകയും ചെയ്ത് ഫ്രാൻസീസ് പിതാവ് എല്ലാം മറന്ന് വാവിട്ട് കരയുമായിരുന്നു. കുരിശിന്മേൽ ഈശോ അനുഭവിച്ച പീഢസഹനങ്ങൾ അനുഭാവിക്കാനും കുരിശിന്മേൽ ഈശോയ്ക്ക് പാപികളായ നമ്മോടുള്ള അവർണ്ണനീയമായ സ്നേഹം അനുഭവിക്കാനും പലപ്പോഴും വിശുദ്ധൻ പ്രാർത്ഥിക്കുമായിരുന്നു.

വിശുദ്ധന്റെ പീഢാനുഭവധ്യാനത്തിന്റെ ഉച്ചകോടി എത്തിച്ചേരുന്നത് വിശുദ്ധ കുരിശിന്റെ തിരുനാളിനടനുബന്ധിച്ചായിരുന്നു. അതിനൊരുക്കമായും മിഖായേൽ മാലാഖയോടുള്ള ഭക്തിയിലും 40 ദിവസത്തെ ഉപവാസവും പ്രാർത്ഥനയുമായി ഫ്രാൻസീസ് അൽവേർണ്ണ മലയിൽ വരുമായിരുന്നു.

അൽവേർണ്ണ മലയിൽ ക്രൂശിതനെക്കുറിച്ചുള്ള ധ്യാനത്തിൽ പിതാവ് ദിനരാത്രങ്ങൾ ചെലവഴിക്കുമായിരുന്നു. ഒരു ദിവസം ഒരു ദർശനമുണ്ടായി. 6 ചിറകുള്ള ഒരു രൂപം ഫ്രാൻസീസ് കണ്ടു. കൈകൾ വിരിച്ചു പിടിച്ചിരിക്കുന്നതായും കാലുകൾ കുരിശിൽ തറച്ചിരിക്കുന്നതായും, രണ്ടു ചിറകുകൾ തലയ്ക്കു മുകളിലേക്കും രണ്ടു ചിറകുകൾ പറക്കുവാൻ എന്ന നിലയിലും രണ്ടും ചിറകുകൾകൊണ്ട് ശരീരം മുഴുവൻ മൂടിയും ഒരു മനുഷ്യൻ തന്റെ മുകളിൽ നിൽക്കുന്നതായി ഫ്രാൻസീസ് കണ്ടു. ഇതിന്റെ അർത്ഥം മനസ്സിലായില്ലായെങ്കിലും അദ്ദേഹത്തിന് വലിയ സന്തോഷം തോന്നി. കാരണം ആ സെറാഫിന്റെ നോട്ടം അപ്രകാരമായിരുന്നു. വലിയ

ആകാംക്ഷയോടെ നോക്കിനിൽക്കുമ്പോൾ സ്വന്തം ശരീരത്തിൽ കൈകാലുകളിൽ ആണിപഴുതുകളും, നെഞ്ചിന്റെ വലതുവശത്തായി ഒരു മുറിവും പ്രത്യക്ഷമായി. അതിൽനിന്ന് രക്തവും വെള്ളവും വന്നുകൊണ്ടിരുന്നു.

എന്തുകൊണ്ടായിരിക്കും വിശുദ്ധ ഫ്രാൻസിസിന് ആദ്യമായിട്ട് ദൈവം പഞ്ചക്ഷതങ്ങൾ നൽകിയത്. ഒരുപക്ഷേ വിശുദ്ധ ഫ്രാൻസിസ് പീഢാനുഭവത്തെ എത്രയേറെ ധ്യാനവിഷയമാക്കിയത് കൊണ്ടാകാം.

വളരെ ശ്രദ്ധയും കരുതലും ഈ മുറിവുകൾ മറ്റു സഹോദരങ്ങളിൽനിന്ന് മറച്ചുവെക്കുവാൻ വേണ്ടിവന്നു. പക്ഷേ, വളരെ അവിചാരിതമായി ചിലർ അത് കാണുവാൻ ഇടയായി. ഈ മഹാരഹസ്യം തന്നിൽതന്നെ ഒതുങ്ങാൻ ഫ്രാൻസീസ് പിതാവ് ആഗ്രഹിച്ചിരുന്നു. ഇത് ആരോടെങ്കിലും പറഞ്ഞാൽ മറ്റുള്ളവർ തെറ്റിദ്ധരിച്ചേക്കും എന്നതായിരുന്നു. അദ്ദേഹത്തിന്റെ ഭയം.

നമുക്കും വിശുദ്ധ ഫ്രാൻസീസ് അസ്സീസിയോട് മാദ്ധ്യസ്ഥം യാചിക്കാം. ഈശോയോട് അതിതീവ്രമായ സ്നേഹം ഉണ്ടാകുവാനും സഹോദരങ്ങൾക്ക് ആ വലിയ സ്നേഹം പകർന്നുകൊടുക്കുവാനും, വിശുദ്ധ ഫ്രാൻസീസ്, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണേ!

## പ്രാർത്ഥനാശംസകൾ



എം. എൽ. സുനിൽ



സിജോ ജോസഫ്



എം. എൽ. തോമാച്ചൻ



ലിയോൺ ജോർജ്ജ്

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക
എക്കൗണ്ടന്റുമാരായി തെരഞ്ഞെടുത്ത
**മഠത്തിപ്പറമ്പിൽ ലോനപ്പൻ സുനിലിനും**
**കിഴക്കൂട്ട് ജോസഫ് സിജോയ്ക്കും**

ഇന്റേണൽ ഓഡിറ്റർമാരായി തെരഞ്ഞെടുത്ത
**മഠത്തിപ്പറമ്പിൽ ലോനപ്പൻ തോമാച്ചനും**
**തെക്കേക്കര ജോർജ്ജ് ലിയോണിനും**

**ഇടവക കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ**

# വഴിവിളക്ക്

## അപ്പസ്തോലന്മാർ

**വി. മത്തായി**

| | |
|---|---|
| പേരിന്റെ അർത്ഥം | - യാഹ്‌വേയുടെ ദാനം |
| മറ്റുനാമങ്ങൾ | - ലേവി |
| ഗോത്രം | - ഇസക്കാർ |
| സ്വദേശം | - കഫർണാം |
| ചിഹ്നം | - ചെറിയവാൾ |
| തൊഴിൽ | - ചുങ്കം പിരിവ് |
| സുവിശേഷപ്രഘോഷണം | - യുദയാ, എത്യോപ്യ, പാർത്തിയ, പേർഷ്യാ |
| ജീവിതസമർപ്പണം | - 90ൽ സൊമീഷ്യന്റെ കാലത്ത് മരിച്ചു |
| ഓർമ്മദിനങ്ങൾ | - പൗരസ്ത്യ: നവംബർ 16<br>പശ്ചാത്യ : സെപ്തംബർ 21 |

***സന്ദേശം***

നാം എന്തായിരിക്കുന്നുവോ അത് ദൈവത്തിന്റെ ദാനമാണ്. ദൈവത്തിന് നമ്മിൽ നിന്ന് പിൻവലിക്കാനാവാത്തതായി ഒന്നുമില്ല. അതിനാൽ നമുക്കുള്ളതെല്ലാം സഹജരുമായി പങ്കുവെയ്ക്കണം. ആ പങ്കുവെയ്ക്കൽ നാം നടത്തുമ്പോൾ ദൈവത്തിന്റെ ദാനം നാം ദൈവത്തിന് സമാധാനമായി നൽകുകയാണ്. അപ്പോഴാണ് ജീവിതത്തിൽ നമുക്ക് സന്തോഷവും സംതൃപ്തിയിലും ലഭിക്കുക. ധനികനായ മത്തായി തനിക്കുള്ളതെല്ലാം ഉപേക്ഷിച്ച് ഈശോയെ അനുഗമിച്ചപ്പോൾ അദ്ദേഹം നമുക്ക് നൽകുന്ന സന്ദേശം അതാണ്.

തയ്യാറാക്കിയത്
കുടുംബകൂട്ടായ്മ കേന്ദ്രസമിതി, കുന്നംകുളം

## അഭിനന്ദനങ്ങൾ



തൃശൂർ അതിരൂപത
തിരുബാലസഖ്യം ജൂനിയർ വിഭാഗം
നാടോടിനൃത്തത്തിൽ മൂന്നാം സ്ഥാനം നേടിയ
നമ്മുടെ ഇടവകാംഗം
ഇല്ലിക്കൽ ചാൾസ് പോൾ
& മരിയ ചാൾസ് മകൾ
**ഹന്ന ചാൾസിന്**
**ഇടവക കുടുംബത്തിന്റെ അഭിനന്ദനങ്ങൾ**

# പ്രതിനിധിയോഗ വാർത്തകൾ

1. യോഗത്തിൽ നടത്തുകൈക്കാരൻ ജോപോൾ വി. ആലപ്പാട്ട് സ്വാഗതം പറഞ്ഞു.
2. ആഗസ്റ്റ് മാസത്തെ റിപ്പോർട്ടും, വരവ് - ചെലവ് കണക്കും, ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസ്സാക്കി.
3. ചെറിയ തിരുനാൾ പ്രവർത്തന റിപ്പോർട്ട് ജന. കൺവീനർ ഫ്ളോറൻസ് ലോയ്ഡും, കണക്ക് ഫിനാൻസ് കൺവീനർ ലിയോൺ ജോർജ്ജും അവതരിപ്പിച്ച് പാസ്സാക്കി.
4. പള്ളി എക്കൗണ്ടന്റുമാരായി കിഴക്കൂട്ട് ജോസഫ് സിജോ, മഠത്തിപ്പറമ്പിൽ ലോനപ്പൻ സുനിൽ എന്നിവരെ തെരഞ്ഞെടുത്തു.
5. ഇന്റേണൽ ഓഡിറ്റർമാരായി മഠത്തിപ്പറമ്പിൽ ലോനപ്പൻ തോമാച്ചൻ, തെക്കേക്കര ജോർജ്ജ് ലിയോൺ എന്നിവരെ തെരഞ്ഞെടുത്തു.
6. 2025 ഇടവക തിരുനാൾ സബ് കമ്മിറ്റി കൺവീനർമാരായി ഫിനാൻസ് വി.ജെ. സുനിൽ, പബ്ലിസിറ്റി രാജു ബി. ചുങ്കത്ത്, ലിറ്റർജി പി.എ. ലില്ലി, പ്രൊസഷൻ സി.ഡി. ബിന്നി, ഇല്യുമിനേഷൻ ജോപോൾ വി. ആലപ്പാട്ട്, ഡെക്കറേഷൻ ജാൻസി ആന്റോ, കാരുണ്യം - കലാസന്ധ്യ എം.എൽ. മാണി, ഫുഡ് കമ്മിറ്റി പോയ്സ് ജേബി, വർണ്ണമഴ ലിയോൺ ജോർജ്ജ്, വളണ്ടിയർ സി.എം. സാംസൺ എന്നിവരെ തെരഞ്ഞെടുത്തു.
7. കൺസ്ട്രക്ഷൻ കമ്മിറ്റി കൺവീനറായി രാജു ബി. ചുങ്കത്ത്, ജോ. കൺവീനറായി പോയ്സ് ജേബി, കമ്മിറ്റി അംഗങ്ങളായി എം.ആർ. ആന്റോ, ജോൺസൺ പാവു, പി.ആർ. സജി, എൻ.ജെ. ജെയ്മോൻ, സി.ഒ. ആന്റണി എന്നിവരെ തെരഞ്ഞെടുത്തു.

## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 21-10-2024 | 6.30 pm | സെന്റ് ജോസഫ് | കണ്ണനായ്ക്കൽ വർഗ്ഗീസ് സണ്ണി (നെഹ്റു നഗർ, 7th അവന്യൂ) |
| 22-10-2024 | 6.30 pm | മേരി മാതാ | പൊറത്തൂർ പള്ളിക്കുന്നത്ത് ജോണി ടോണി (ഐശ്വര്യ റോഡ്, കാണിപ്പയ്യൂർ) |
| 23-10-2024 | 6.30 pm | സെന്റ് ആന്റണീസ് | കാക്കശ്ശേരി അന്തോണി സെബാസ്റ്റ്യൻ (മോസ്കോ റോഡ്, കക്കാട്) |
| 24-10-2024 | 6.30 pm | സെന്റ് തോമസ് | ചിറയത്ത് ഡേവിഡ് ജോൺ (താഴത്തങ്ങാടി, ചിറളയം) |
| 25-10-2024 | 6.30 pm | സെന്റ് ജോർജ്ജ് | പുലിക്കോട്ടിൽ കൊച്ചപ്പൻ റൊണാൾഡ് (അടുപ്പുട്ടി പള്ളിക്ക് സമീപം) |
| 26-10-2024 | 6.30 pm | സെന്റ് സേവ്യർ | പനക്കൽ റോസിലി വിൽസൺ (കോൺവെന്റിന് സമീപം, വൈ. എം. സി. എ. റോഡ്) |



# ജപമാലയും മാർപാപ്പമാരും

സിസ്റ്റർ ജെസ്റ്റിന CMC

ഓരോ കാലഘട്ടത്തിലും തിരുസഭയെ നയിച്ച മാർപാപ്പമാർ ജപമാലയുടെ പ്രാധാന്യത്തെക്കുറിച്ച് പറയുന്ന വാക്കുകളും, ജപമാല ഇന്നത്തെ രീതിയിൽ ആകുന്നതിൽ മാർപാപ്പമാർ നൽകിയ സംഭാവനകളെക്കുറിച്ചും മനസ്സിലാക്കാം. ഈ ജപമാല മാസത്തിൽ ജപമാല നിരന്തരം ചൊല്ലുന്നതിലൂടെ ആദ്ധ്യാത്മികമായി വളരുവാനും, പരിശുദ്ധ അമ്മയുടെ കരം പിടിച്ച് ഈശോയിലേക്ക് നടന്നടുക്കുവാനും നമുക്ക് പരിശ്രമിക്കാം.

**6-ാം ഊർബൻ (1378-1389)**

- ജപമാല പ്രതിദിനം കത്തോലിക്കാ ജനത്തിന് നിരവധി നന്മകളെ പ്രദാനം ചെയ്യുന്നു.

**6-ാം അഡ്രിയൻ പാപ്പാ (1522 - 1523)**

- പൈശാചികാക്രമണങ്ങളിൽ നിന്നും രക്ഷനേടുന്നതിനുള്ള ഉത്തമോപകരണമാണ് ജപമാല.

**3-ാം പൗലോസ് പാപ്പാ (1523 - 1549)**

- ജപമാല വഴി വി. ഡൊമിനിക്, ഫ്രാൻസിനും ഇറ്റലിക്കും എതിരായുണ്ടായ ദൈവകോപത്തെ ശമിപ്പിച്ചു.

**4-ാം ജൂലിയസ് പാപ്പാ (1550 - 1555)**

- കത്തോലിക്കാസഭയുടെ ഒരനർഘഭൂഷണമാണ് ജപമാല. "ജപമാല തിരുസഭയുടെ മഹത്വമാകുന്നു."

**5-ാം പീയൂസ് മാർപാപ്പാ (1566 - 1572)**

- ഇന്നത്തെ രീതിയിൽ ജപമാല പ്രാർത്ഥന ക്രോഡീകരിച്ച മാർപാപ്പ.
- മറിയത്തിന്റെ സങ്കീർത്തനം എന്ന് ജപമാലയെ വിളിച്ചു.
- അഖണ്ഡജപമാല ചൊല്ലാൻ ആഗോളസഭയെ ആഹ്വാനം ചെയ്തു.
- ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും എന്ന വാചകം കൂട്ടിചേർത്തു.
- 'ജപമാലയുടെ പാപ്പാ' എന്ന് വിളിയ്ക്കപ്പെട്ടു.

**ഗ്രിഗറി 13-ാമൻ പാപ്പാ (1572 - 1585)**

- ജപമാല രാജ്ഞിയുടെ തിരുനാൾ ആരംഭിച്ചു.
- ജപമാല പാപത്തെ ഹനിക്കുവാനും ദൈവാനുഗ്രഹം ലഭിക്കു

വാനുമുള്ള ഏറ്റവും അത്ഭുതകരമായ ഉപാധിയാണ് എന്ന് പറഞ്ഞ മാർപാപ്പ.

**5–ാം സിക്സ്റ്റസ് പാപ്പാ (1585 – 1590)**

✦ ലൊരേറ്റോ ലിറ്റനി ആഗോളസഭ മുഴുവൻ ചൊല്ലുവാൻ കല്പന നൽകിയ പാപ്പ.

**14–ാം ഗ്രിഗോറിയോസ് പാപ്പാ (1590 – 1591)**

✦ ജപമാല ദൈവമഹത്വത്തെ വർദ്ധിപ്പിക്കുകയും പാപത്തെ നശിപ്പിക്കുകയും പ്രസാദ വരത്തെ വീണ്ടെടുക്കുകയും ചെയ്യുന്നു.

**9–ാം പീയൂസ് പാപ്പ**

✦ നിങ്ങളുടെ ഹൃദയത്തിലും കുടുംബങ്ങളിലും സമൂഹത്തിലും രാജ്യത്തും സമാധാനം വേണമെന്നുണ്ടെങ്കിൽ കുടുംബങ്ങളിൽ ജപമാല ചൊല്ലുക.

✦ വ്യക്തികളിലും കുടുംബങ്ങളിലും രാഷ്ട്രങ്ങളിലും സമാധാനം സ്ഥാപിക്കുവാൻ നിങ്ങൾ അഭിലഷിക്കുന്നുവെങ്കിൽ എല്ലാ വൈകുന്നേരവും ഒന്നിച്ചുകൂടി ജപമാല ഭക്തിസമന്വിതം ചൊല്ലുവിൻ.

**ലിയോ 13–ാമൻ പാപ്പാ (1878 – 1903)**

✦ "ജപമാലരാജ്ഞി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ" എന്ന് ലുത്തിനിയായിൽ കൂട്ടിചേർത്തു.

✦ സകല തിന്മകൾക്കുമെതിരായി പ്രയോഗിക്കാവുന്ന ആയുധമാണ് ജപമാല എന്ന് ഉദ്ബോധിപ്പിച്ചു.

✦ ജപമാല ദൈനംദിനം പരസ്യമായി ചൊല്ലണമെന്ന് കല്പിച്ചു.

✦ മെയ്മാസം ജപമാല ഭക്തിക്കായി പ്രതിഷ്ഠിച്ചു.

**10–ാം പീയൂസ് പാപ്പാ (1903 – 1914)**

✦ പ്രാർത്ഥനകളിൽ ഏറ്റവും മനോജ്ഞവും പ്രസാദവരസമ്പന്നവുമാണ് ജപമാല

✦ ജപമാല ദൈവമാതാവിന്റെ വിമലഹൃദയത്തെ സ്പർശിക്കുന്ന പ്രാർത്ഥനയാണ്.

✦ കുടുംബങ്ങളിൽ സമാധാനം ആഗ്രഹിക്കുന്നെങ്കിൽ കുടുംബസമേതം ജപമാല ഭക്തിപൂർവ്വം ജപിക്കുക.

✦ ഏറ്റവും മനോഹരവും എല്ലാ പ്രാർത്ഥനകളേക്കാൾ അനുഗ്രഹസമ്പന്നവുമാണ് ജപമാല.

**ബനഡിക്ട് 15–ാമൻ പാപ്പ (1014 – 1022)**

✦ കത്തോലിക്കർ ദൈവജനനിയുടെ ദിവ്യശിരസ്സിൽ വയ്ക്കുന്ന ഒരു കനകകിരീടമാകുന്നു ജപമാല.

**11–ാം പീയൂസ് പാപ്പാ (1922 – 1939)**

✦ ദൈവമാതാവിനോടുള്ള അനേകം മദ്ധ്യസ്ഥപ്രാർത്ഥനകളിൽ

അദ്വിതീയ സ്ഥാനമാണ് കൊന്തനമസ്കാരത്തിനുള്ളത്.

**12-ാം പീയൂസ് പാപ്പാ (1939 – 1958)**

- ദൈവത്തിൽ നിന്ന് കുടുംബങ്ങളിലേക്ക് പ്രസാദവരത്തിന്റെ മഴ പെയ്യിക്കുവാൻ ജപമാലപോലെ മറ്റൊന്നില്ല. ദൈവാനുഗ്രഹങ്ങൾ കുടുംബങ്ങൾക്ക് ലഭ്യമാക്കാൻ ഏറ്റവും നല്ല ഉപാധിയായി ജപമാല ഭക്തിയെ ചൂണ്ടിക്കാണിച്ചു.
- സ്വർഗ്ഗാരോപിതയായ രാജ്ഞി എന്ന് ലുത്തിനിയായിൽ കൂട്ടിച്ചേർത്തു.

**ജോൺ 23-ാം പാപ്പാ (1958 – 1963)**

- സഭയുടേയും ജനപദങ്ങളുടേയും ആവശ്യങ്ങൾക്കായുള്ള സാർവ്വത്രിക പ്രാർത്ഥനാണ് ജപമാല.

**പോൾ ആറാമൻ പാപ്പാ (1963 – 1978)**

- സുവിശേഷത്തിന്റെ രത്നചുരുക്കമാണ് ജപമാല.
- ആരാധനക്രമത്തെ താങ്ങിനിർത്തുന്ന പ്രാർത്ഥനയാണ് കൊന്തനമസ്കാരം.
- ദൈവമാതാവു വഴി മനുഷ്യരെ ദൈവവുമായി യോജിപ്പിക്കുന്ന സുവർണ്ണ ശൃംഖലയാണ് ജപമാല.
- പരിശുദ്ധ അമ്മയെ സഭയുടെ അമ്മയായി പ്രഖ്യാപിച്ചു.
- ലുത്തിനിയായിൽ "തിരുസഭയുടെ മാതാവേ" എന്ന അപദാനം കൂട്ടിച്ചേർത്തു.

**ജോൺപോൾ രണ്ടാമൻ പാപ്പാ (1978 – 2004)**

- എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്നുദ്ഘോഷിച്ച മറിയത്തിന്റെ പ്രാർത്ഥനയുടെ പ്രതിധ്വനിയാണ് കൊന്തനമസ്കാരം.
- തകർന്നുകൊണ്ടിരിക്കുന്ന കുടുംബങ്ങൾക്കുള്ള സിദ്ധൗഷധമാണ് ജപമാല.
- ഇന്നത്തെ ഭീഷണികളേയും അസ്വസ്ഥതകളേയും നേരിടുവാൻ കൊന്തനമസ്കാര പ്രാർത്ഥനയിൽ ആശ്രയിക്കണം.
- "മറിയമേ ഞാൻ പൂർണ്ണമായും നിന്റേതാണ്" (അജപാലന വാക്യം)
- ഫാത്തിമായിൽ ദിവ്യജനനി വെളിപ്പെടുത്തിയ ഭയാനകമായ ശിക്ഷകൾക്കുള്ള പ്രതിവിധി ജപമാലഭക്തിയായതിനാൽ ജപമാല കുടുംബങ്ങളിലെ പതിവു പ്രാർത്ഥനയാക്കാൻ കഴിയണം.

**ബനഡിക്ട് 16-ാമൻ പാപ്പ**

- എല്ലാ പ്രാർത്ഥനകളിലും വെച്ച് ഏറ്റവും കൃപാസമൃദ്ധവും പരിശുദ്ധ അമ്മയ്ക്ക് ഏറ്റം പ്രസാദവുമായ പ്രാർത്ഥന ജപമാലയാണ്.

പരിശുദ്ധ അമ്മയുടെ ഹൃദയത്തെ സ്പർശിക്കുന്ന പ്രാർത്ഥനയാണ് ജപമാല.

- ✦ ക്രിസ്തുവിനേയും അവിടുത്തെ ജീവിതത്തേയും ധ്യാനിക്കുവാനും അവിടുത്തെ കൂടുതൽ സ്നേഹിക്കുവാനും വിശ്വസ്തതയോടെ പിഞ്ചെല്ലാനും പരിശുദ്ധ അമ്മ നമുക്ക് തന്നിരിക്കുന്ന മാർഗ്ഗമാണ് ജപമാല പ്രാർത്ഥന.
- ✦ യേശുവിലൂടെ പൂർത്തിയാക്കപ്പെട്ട രക്ഷാകര രഹസ്യങ്ങളെ ശരിയായി മനസ്സിലാക്കാൻ ജപമാല നമ്മെ സഹായിക്കുന്നു.

**ഫ്രാൻസിസ് മാർപാപ്പ**

- ✦ ജപമാലയെന്നത് പ്രാർത്ഥനയുടെ പാഠശാലയാണ്. വിശ്വാസത്തിന്റെ പരിശീലനക്കളരിയും
- ✦ ജപമാല ആദ്ധ്യാത്മിക ഔഷധമാണ്.
- ✦ ജപമാലയിലൂടെ പരിശുദ്ധ മറിയം നമുക്കുവേണ്ടി, നമ്മോടു ചേർന്നു നിന്ന് തിന്മകൾക്കെതിരെയുള്ള യുദ്ധത്തിൽ, ക്രിസ്ത്യാനികളായ നമുക്ക് വേണ്ടി യുദ്ധം ചെയ്ത് നമ്മെ സഹായിക്കുന്നു.

പരിശുദ്ധ അമ്മയോട് ചേർന്ന് ക്രിസ്തു രഹസ്യങ്ങളെ ധ്യാനിക്കുന്നതാണ് ജപമാല. വിശ്വാസത്തിലും സ്നേഹത്തിലും മറിയത്തിന്റെ കണ്ണുകളിലൂടെ ക്രിസ്തുരഹസ്യങ്ങളെ നോക്കികാണാൻ അമ്മ നമ്മെ അനുവദിക്കുകയാണ് ജപമാലയിലൂടെ. വിശുദ്ധിയിൽ വളരാൻ പരിശുദ്ധ അമ്മയുടെ ഹൃദയത്തോട് ചേർന്നുനിന്ന് ജപമണികൾ കൈയിലെടുത്ത് നമുക്കും പ്രാർത്ഥിക്കാം.

## അഭിനന്ദനങ്ങൾ

*ജന. കൺവീനർ*



**സാന്റി അഗസ്റ്റിൻ**

*ജോ. ജന. കൺവീനർ*



**അൽഫോൺസ വിൽസൺ**

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക
2025 ഇടവക തിരുനാൾ ജന. കൺവീനർമാരായിതെരഞ്ഞെടുത്ത
**ചിറ്റടിയിൽ സാന്റി അഗസ്റ്റിനും**
**വലിയവീട്ടിൽ അൽഫോൺസ വിൽസണും**

**ഇടവക കുടുംബത്തിന്റെ അഭിനന്ദനങ്ങൾ**



## 1-ാം ചരമ വാർഷികം

09-10-2024



## പള്ളിപ്പുറത്ത്
## അന്തോണി ഭാര്യ

# റോസി

**കുന്നംകുളം**

ജനനം
15 - 12 - 1937

മരണം
09 - 10 - 2024

**പ്രാർത്ഥനാപൂർവ്വം : സന്തപ്തകുടുംബാംഗങ്ങൾ**


Celebrating Our
35th WEDDING
ANNIVERSARY
22-10-2024
P.M. Raju &
Susy Raju
Pallippurath House
Chiralayam
Kunnamkulam
Best Compliments From
Lilly Mathai, Naveen Raju, Gilda & Haziel Mon


പാവനസ്മരണയ്ക്ക്...
32-ാം ചരമവാർഷികം
19-10-2024
പള്ളിപ്പുറത്ത്
പത്രോസ്
മത്തായി
ചിറളയം
കുന്നംകുളം
സ്നേഹസ്മരണകളോടെ : ബന്ധുമിത്രാദികൾ



# ഈശോയുടെ ശിഷ്യത്വം

റീന ടീച്ചർ

ദൈവം തന്നെയായ ഈശോ നമ്മെ സ്വന്തമാക്കാനും ഈശോയെ സ്വയം സ്വന്തമാക്കാനും ആഗ്രഹിക്കുന്നവരാണ് ഓരോ ക്രിസ്ത്യാനിയും. അതിനായിട്ടുള്ള ആത്മീയ ഉണർവ് ലഭിക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും കാര്യങ്ങളും സഭയോട് ചേർന്ന് ഇടവക നേതൃത്വത്തിലൂടെ നമുക്ക് ലഭിക്കുന്നുണ്ട്. എല്ലാ കൂദാശകളും സംഘടനകളും വിശ്വാസപരിശീലനവും എല്ലാം അതിന്റെ ഭാഗമാണ്. എന്നാൽ ഈശോയുടെ ശിഷ്യത്വം സ്വീകരിക്കാൻ ആവശ്യമായ കാര്യങ്ങൾ ഈശോ തന്നെ വിശുദ്ധ ബൈബിളിൽ വ്യക്തമാക്കി തരുന്നതായി നമുക്ക് കാണാം. ഇന്ന് ഭർത്താവിന്റെ സ്നേഹം കുറഞ്ഞുപോയതിനോ ഭാര്യയുടെ സ്നേഹം കുറഞ്ഞുപോയി എന്ന തോന്നലുകൊണ്ടോ അല്ലെങ്കിൽ, മക്കളിൽ നിന്ന് പഴയ സ്നേഹം ലഭിക്കുന്നില്ലെന്ന തെറ്റിദ്ധാരണയാലോ ആത്മഹത്യക്ക് ഒരുങ്ങുന്നവർപോലും ഈ സമൂഹത്തിലുണ്ട്. ദൈവ സ്നേഹത്തിനോ അഥവാ മനുഷ്യ സ്നേഹത്തിനോ, ഏതിനാണ് ക്രിസ്ത്യാനി നീ മുൻഗണന കൊടുക്കുന്നത്? നമുക്ക് ഓരോരുത്തർക്കും വേണ്ടി ചങ്കിലെ ചോര ചിന്തിയ ഈശോയുടെ സ്നേഹത്തേക്കാൾ വലുതായി ഈ ഭൂമിയിൽ ഒന്നും ലഭിക്കാനില്ലെന്ന് അറിയുക. ഇന്ന് ചിരിക്കുകയും നാളെ പരിഹസിക്കുകയും ചെയ്യുന്ന വിശ്വസ്തതയില്ലാത്ത സ്വാർത്ഥ സ്നേഹത്തിന്റെ പുറകെ പോയി നിരാശപ്പെടുന്നതിനേക്കാൾ എത്രയോ മഹത്തരമാണ്, കുഞ്ഞിലേതന്നെ ദൈവ സ്നേഹത്തിന്റെ ആഴം മനസ്സിലാക്കി അതിരുകൾ നിശ്ചയിക്കാത്ത, അളവുകൾ ഇല്ലാത്ത വ്യവസ്ഥകൾ ഇല്ലാത്ത ഈശോയുടെ സത്യസന്ധമായ സ്നേഹത്തിൽ വിശ്വസിച്ച് ആശ്രയിച്ച് ജീവിക്കുന്നത്.

ഈശോയുടെ ശിഷ്യനാകുവാനുള്ള യോഗ്യതകൾ എന്തെല്ലാമെന്ന് വിശുദ്ധ ലൂക്കാ സുവിശേഷകൻ പതിനാലാം അദ്ധ്യായത്തിൽ വ്യക്തമായി പറയുന്നുണ്ട്. ഒന്ന്, സ്വന്തം എന്ന് ഏതിനെയെല്ലാം കരുതുന്നുവോ അതായത്, മാതാപിതാക്കൾ സഹോദരങ്ങൾ മക്കൾ, ഭാര്യ, ഭർത്താവ് തുടങ്ങി, സ്വന്തം ജീവന്റെ മേൽപോലുമുള്ള പൂർണ്ണാവകശാം അവിടത്തെ കരങ്ങളിൽ ഏല്പിച്ചിട്ട് മാത്രമേ ഈശോയുടെ ശിഷ്യത്വം സ്വീകരിക്കാൻ ആഗ്രഹിക്കാവു. അതായത് രണ്ടു വഞ്ചിയിൽ കാലിടരുത് എന്ന് സാരം. "ഇന്ത്യ എന്റെ രാജ്യമാണ്, എല്ലാ ഇന്ത്യാക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്." എല്ലാ മനുഷ്യരേയും മൃഗങ്ങളേയും പ്രകൃതിയേയും ദൈവത്തോട് ചേർത്ത് വെച്ച് സ്വാർത്ഥ താല്പര്യത്തോടെയല്ലാതെ, ദൈവമഹത്വത്തിനും പ്രീതിക്കുമായി അവരെ സ്നേഹിച്ച്, സേവിച്ച് ദൈവത്തിനു തന്നെ വിട്ടുകൊടുക്കുമ്പോൾ , തന്റെ മേലും ഈ

ലോകത്തിലെ സർവ്വ ചരാരങ്ങളുടെ മേലും പൂർണ്ണാധികാരം ദൈവത്തിനാണെന്ന ബോധ്യത്തിലേക്ക് ഒരു മനുഷ്യൻ വരുമ്പോൾ മാത്രമേ, ഈശോയുടെ ശിഷ്യനാകാൻ സാധിക്കൂ. സുവിശേഷത്തിലെ ജോബിന്റെ "ദൈവം തന്നു, ദൈവം എടുത്തു, ദൈവത്തിന്റെ നാമം വാഴ്ത്തപ്പെടട്ടെ" എന്ന എളിമയുടെ മനോഭാവം ക്രിസ്തുശിഷ്യനുണ്ടായിരിക്കണം. ഒന്നിന്റെ മേലും അവകാശമില്ലാത്ത അവസ്ഥ, എല്ലാവരുമായി എല്ലാം പങ്കുവെക്കാനുള്ള മനസ്സ്, നാളത്തെക്കുറിച്ച് ആകുലതയില്ലാതെ സൃഷ്ടാവിന്റെ പരിപാലനയിലുള്ള ഉറച്ച വിശ്വാസം. ഗുരുവിന്റെ മനസ്സറിഞ്ഞുള്ള ജീവിതം. ഇതെല്ലാം ആ യോഗ്യതകളിൽപ്പെടുന്നു.

രണ്ടാമതായി (ലൂക്ക : 14:27) "സ്വന്തം കുരിശുവഹിക്കാതെ എന്റെ പിന്നാലെ വരുന്നവന് എന്റെ ശിഷ്യനായിരിക്കുവാൻ കഴിയുകയില്ല" അതെ സ്വന്തം കുരിശുകൾ പിറുപിറുപ്പോടെയോ അലസമായോ വെറുപ്പോടെയോ സഹിക്കുന്നവർക്കും ഈശോയുടെ ശിഷ്യരാകുവാൻ യോഗ്യതയില്ലെന്ന് സുവിശേഷകൻ ചൂണ്ടിക്കാണിക്കുന്നു. സ്വന്തം എന്നതിനെ പൂർണ്ണമായും വെറുത്തുപേക്ഷിച്ച്, ചാക്ക് വസ്ത്രം ഉടുത്ത് തെരുവിലേക്കിറങ്ങിയ ഫ്രാൻസീസ് അസ്സീസിയുടെ, ഈശോയുടെ ശിഷ്യനാകുവാനുള്ള തീവ്രമായ ആഗ്രഹം ചരിത്രത്തിലൂടെ നാം മനസ്സിലാക്കിയിട്ടുള്ളതാണ്. എന്നാൽ അത്ര കഠിനമല്ലാതെ തന്നെ ഈശോയെ സ്നേഹിച്ച വിശുദ്ധ കൊച്ചുത്രേസ്യയും, ജീസസ് യൂത്തിൽ സജീവസാന്നിധ്യമായി ഈശോയെ സ്നേഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന വേളയിൽ അപ്രതീക്ഷിതമായി തന്റെ മുഖത്തെ കാർന്നുതിന്നുന്ന കാൻസർ എന്ന മഹാരോഗം പിടിപെട്ടപ്പോഴും, തന്നെയും തന്റെ സൗന്ദര്യം ശരീരം ആഗ്രഹങ്ങൾ, പ്രവർത്തനങ്ങൾ എല്ലാം പൂർണ്ണമായും ഈശോയ്ക്ക് വിട്ടുകൊടുത്ത് ജീവിച്ചിരുന്ന അജ്നയെന്ന മകളും, ശിഷ്യത്വം സ്വീകരിച്ചവരാണെന്ന് ഓർക്കുന്നത് നല്ലത്. അവർക്ക് ആകാമെങ്കിൽ സഹോദരരെ, നമുക്ക് എന്തുകൊണ്ട് ആയിക്കൂടാ? നന്മമാത്രം ചെയ്തു ചുറ്റി സഞ്ചരിച്ച നമ്മുടെ ഗുരുവായ ഈശോ ഒറ്റപ്പെടലും ചാട്ടവാറടിയും പരിഹാസങ്ങളും പരീക്ഷകളും അവസാനം കുരിശുമരണവും, പിതാവിന്റെ ഹിതം നിറവേറ്റുന്നതിനായി തന്നെ തന്നെ സമർപ്പിച്ചെങ്കിൽ ശിഷ്യനാകാൻ ആഗ്രഹിക്കുന്നവർക്കും, ഗുരു ഈ എല്ലാ അവസ്ഥകളിലൂടേയും കടത്തിവിട്ട് യോഗ്യതാ പരീക്ഷ നടത്തുമെന്നത് തീർച്ചയാണ്. വിശുദ്ധ പൗലോസ് ശ്ലീഹാ ഓർമ്മപ്പെടുത്തുന്നു, പരീക്ഷിക്കപ്പെടുമ്പോൾ ദൈവത്താലാണ് പരീക്ഷിക്കപ്പെടുന്നത് എന്ന് ആരും പറയാതിരിക്കട്ടെ. മാത്രമല്ല, പരീക്ഷിക്കപ്പെടുമ്പോൾ അപ്രതീക്ഷിതമായതെന്തോ സംഭവിച്ചു എന്നും ചിന്തിക്കരുത്. എല്ലാ പരീക്ഷകളേയും ജയിച്ച് സ്വർഗം അവകാശമാക്കിയ വിശുദ്ധരോടൊപ്പം പരിശുദ്ധ അമ്മയോടൊപ്പം നമുക്കും ഉത്ഥാനം ചെയ്ത യേശുവോടൊപ്പം ജീവിക്കാൻ സ്വർഗ്ഗം ലക്ഷ്യമാക്കി മുന്നേറാം.



# ശയ്യാവ്രണം
## (BED SORE)

ഡോ. പോൾ സി. റാഫേൽ

കിടപ്പുരോഗികളുടെ ശരിയായ പരിചരണത്തെ സംബന്ധിച്ച് പലർക്കും ആശങ്കകളേറെയാണ്. ഒരേ കിടപ്പിൽ കിടക്കുന്നത് മൂലം ഉണ്ടാകുന്ന മുറിവുകളെ സംബന്ധിച്ച് രോഗിയെ പരിചരിക്കുന്നവർക്ക് ധാരാളം സംശയങ്ങളുമുണ്ടാകും. ശയ്യാവ്രണം എപ്രകാരം പരിചരിക്കാൻ സാധിക്കും എന്നതിനുതകുന്നതാണ് ഈ ലേഖനം.

**ശയ്യാവ്രണം അഥവാ ബെഡ് സോർ**

ദീർഘനേരം ഒരേ അവസ്ഥയിൽ കിടക്കുകയോ ഇരിക്കുകയോ ചെയ്യുമ്പോൾ ശരീരകലകൾക്ക് ഉണ്ടാകുന്ന സമ്മർദ്ദം കൊണ്ട് ഒരു ഭാഗത്തേക്കുള്ള രക്തയോട്ടം കുറയുകയും കലകൾക്ക് ക്ഷതം സംഭവിച്ച്. നിറവ്യത്യാസം ഉണ്ടാകുന്നതാണ് ശയ്യാവ്രണം അഥവാ ബെഡ് സോർ. ഇത്തരത്തിൽ ഉണ്ടാകുന്ന വൃണങ്ങൾ ചിലപ്പോൾ അസ്ഥിവരെ ആഴത്തിൽ ആകാം. സ്പർശനശേഷി നഷ്ടമായതോ സ്വബോധമില്ലാതെ കിടക്കുന്നതോ ആയ രോഗികൾക്കാണ് പ്രധാനമായും ശയ്യാവ്രണം കൊണ്ടുവരുന്നത്. ശയ്യാവ്രണം വരാൻ സാധ്യതയുള്ള രോഗികളെ തിരിച്ചറിഞ്ഞു അവർക്കാവശ്യമായ പരിചരണവും നിർദ്ദേശങ്ങളും നല്കുന്നതിലൂടെ ഈ അവസ്ഥ തടയാൻ സാധിക്കും.

**എങ്ങനെ തിരിച്ചറിയാം**

ശയ്യാവ്രണം സാധാരണയായി കാണുന്ന ശരീരഭാഗങ്ങൾ ഇവയാണ്.

1. പൃഷ്ഠഭാഗം
2. ഇടുപ്പിന്റെ രണ്ടു വശങ്ങളിൽ
3. ഉപ്പൂറ്റി
4. കൈമുട്ടുകൾ
5. പുറംഭാഗം

ഈ ഭാഗങ്ങളിൽ ചുവപ്പുനിറമാണ് ആദ്യം ദൃശ്യമാകുക. പ്രത്യേക ശ്രദ്ധ ലഭിച്ചില്ലെങ്കിൽ നീലയും പിന്നീട് കറുപ്പും ആയി മാറാം. അതിനുശേഷം ആ ഭാഗത്തെ തൊലി പൊളിഞ്ഞു വ്രണമാകും. അണുബാധയും ഉണ്ടാവും. ഇത് അസ്ഥിവരെ ആഴ്ന്നിറങ്ങാൻ സാധ്യതയുണ്ട്. അണുബാധ മറ്റു ശരീരഭാഗങ്ങളിലേക്ക് സംക്രമിച്ച് കൂടുതൽ ഗുരുതരമാവാനും സാധ്യതയുണ്ട്.

**ശയ്യാവ്രണം തടയാൻ**

* ചുളിവില്ലാത്ത, വൃത്തിയുള്ള വിരിയുള്ള ബെഡിൽ മാത്രം കിടത്തുക. സ്വയം തിരിഞ്ഞു കിടക്കാൻ സാധിക്കാത്തവരാണെങ്കിൽ ഓരോ രണ്ടു മണിക്കൂറിലും തിരിച്ചു കിടത്തണം. ഇതിനായി


തലയണയുടെ സഹായം ഉപയോഗിക്കാം. ശരീരത്തിൽ ഒരേ സ്ഥാനത്ത് ദീർഘനേരം മർദ്ദം ഏല്ക്കുന്നതും തന്മൂലം രക്തയോട്ടം കുറയുന്നത് തടയാനാണിത്.

* ശോധനക്കോ കുളിപ്പിക്കലിനോ ശേഷം ശരീരം വൃത്തിയാക്കി നല്ല ഉണങ്ങിയ ടവ്വൽകൊണ്ട് തുടച്ച് ഫാനിട്ട് ഉണക്കണം. ഈർപ്പം നിന്നാൽ കിടക്കപ്പുണ്ണിനുള്ള സാധ്യത ഇരട്ടിയായി വർദ്ധിക്കും.
* രോഗിയെ ഈർപ്പമുള്ള വസ്ത്രം ധരിപ്പിക്കരുത്. കിടക്കവിരിയും പുതപ്പും നനവു തട്ടിയാൽ ഉടൻ മാറ്റുക.
* രോഗിയെ അയഞ്ഞ വസ്ത്രങ്ങൾ മാത്രം ധരിപ്പിക്കുക. ഡയപ്പർ സമയാസമയം മാറ്റണം. അടുത്തതു ധരിപ്പിക്കുന്നതിന് മുമ്പ് ആ ഭാഗം ഫാനിട്ട് ഉണക്കണം. ദീർഘനേരം മൂത്രത്തിലും ശരീരസ്രവങ്ങളിലും കിടക്കുന്നത് ശയ്യാവ്രണം വരുത്തും.
* മൂത്രം പോവാനുള്ള ട്യൂബ് ശരീരത്തിനടിയിൽ പെടരുത്. രോഗിയെ തിരിച്ചുകിടത്തുമ്പോൾ ശരീരം ഉരഞ്ഞ് മുറിവുണ്ടാകാതെ സൂക്ഷിക്കുക.
* ഏതെങ്കിലും പാടുകളോ തിണർപ്പോ ഉണ്ടോ എന്നു രണ്ടുപ്രാവശ്യമെങ്കിലും വസ്ത്രംമാറ്റി പരിശോധിക്കുക. പ്രത്യേകിച്ചും ഗുഹ്യഭാഗങ്ങളിലെ ഇടുക്കുകളിൽ രോഗി വേദന അറിയുകയോ പറയുകയോ ചെയ്യില്ല എന്നതിനാൽ വളരെ ശ്രദ്ധിക്കണം.
* ഉറുമ്പ് കൊതുക് മറ്റു കീടങ്ങൾ എന്നിവ കടിക്കാതെ സൂക്ഷിക്കുക.
* വാട്ടർ ബെഡ്, എയർബെഡ് എന്നിവ ഉപയോഗിക്കുക ഇവ ബെഡ് സോർ വരാതെ സംരക്ഷിക്കാൻ സഹായമാകും.
* രോഗിയെ ചരിച്ചോ കമഴ്ത്തിയോ, കിടത്തി പുറം മസാജ് ചെയ്ത് കൊടുക്കുന്നത് രക്തചംക്രമണം വർദ്ധിപ്പിക്കാൻ സഹായിക്കും.

നിറം മാറ്റം കണ്ടാൽ നിറം മറിയ ഭാഗം അടിയിലാക്കി കിടത്താതിരിക്കുക. ആ ഭാഗം നനവില്ലാതെ സൂക്ഷിക്കണം. ശയ്യാവ്രണം തടയാനുള്ള ക്രീമുകൾ പുരട്ടികൊടുക്കുക. ശൗചശേഷം ഇത്തരത്തിലുള്ള ക്രീമുകൾ ഇട്ടുകൊടുത്താൽ ശരീരം ഈർപ്പമില്ലാതെയും വിയർപ്പില്ലാതെയും നിർത്താം. വ്രണം കണ്ടാൽ ഡോക്ടറുടെ അഭിപ്രായമനുസരിച്ച് ചികിത്സിക്കുക. ചിലപ്പോൾ മുറിവിലെ മൃതകോശങ്ങൾ നീക്കി ഡ്രസിങ്ങ് തുടങ്ങേണ്ടിവരും. അണുനാശിനികൾ പുരട്ടി ദിവസം ഒരു തവണ ഡ്രസ്സ് ചെയ്യണം. ചെറിയ മുറിവുകൾ തിളപ്പിച്ചാറിയ ചെറു ചൂടുവെള്ളത്തിൽ പഞ്ഞിമുക്കി വൃത്തിയാക്കുകയും ശേഷം കാറ്റടിപ്പിച്ച് ഉണക്കി സൂക്ഷിക്കുകയും വേണം.




With best compliments : **Abijith, Abishek**





HOLY CROSS SENIOR SECONDARY SCHOOL (C.B.S.E)
ADMISSION
OPEN FOR
PRE KG to Std 9
2025-26
HOLY CROSS
CBSE SCHOOL, ARTHAT
Fee concession package for those who take admission to LKG before 31st October 2024
Robotic Classes
Digital Classrooms
Spacious Playground
Co-Curricular Activities
Audio Visual Classrooms
Well Equipped Labs
Well furnished Classrooms
MORE INFO
holycrosscbsearthat@gmail.com
https://youtube.com/@holycrossschoolarthatkunna6914
https://www.facebook.com/holycrosscbse.schoolarthat
CONTACT US
8606411622
8129442417
Inspired by the past... Involved in the present... Initiated into the future...

# സംഘടനാ വാർത്തകൾ

**ജൂനിയർ സി.എൽ.സി.**

* മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന് ഒരുക്കമായി സെപ്തംബർ 1 ഞായറാഴ്ച രാവിലെ 10.30ന് മരിയൻ സൈക്കിൾ റാലി നടത്തി.
* ജൂനിയർ സി.എൽ.സി. അൾത്താരസംഘം സംഘടനകളിലെ കുട്ടികൾക്ക് Colours 2K24 & Hesed 2K24 അർദ്ധദിന സെമിനാർ സെപ്തംബർ 18 ബുധനാഴ്ച 2 മണിക്ക് നടത്തി.
* ഒക്ടോബർ 1ന് രാവിലെ മാതൃനിയോഗ സമർപ്പണം 2024 നടത്തി. അന്നേദിനം തിരുനാൾ കുർബാന, നേർച്ച വിതരണം, കൊച്ചു ത്രേസ്യ നാമധാരികൾക്ക് ആദരം, പതാകവന്ദനം എന്നിവയ്ക്ക് നേതൃത്വം നൽകി.

**കത്തോലിക്കാ കോൺഗ്രസ്സ്**

* കത്തോലിക്കാ കോൺഗ്രസ്സ്ദിനാചരണത്തോടനുബന്ധിച്ച് സെപ്തംബർ 14ന് കാഴ്ചസമർപ്പണം, തിരിതെളിയിക്കൽ, തിരുനാൾ കുർബാന, നേർച്ച വിതരണം, പതാകവന്ദനം എന്നിവ നിർവ്വഹിച്ചു. അന്നേദിവസം വൈകുന്നേരം സംഘടനയുടെ വാർഷിക പൊതുസമ്മേളനം നടത്തപ്പെട്ടു.

**ഏകോപന സമിതി**

* ഓണാഘോഷത്തോടനുബന്ധിച്ച് സെപ്തംബർ 14, 15 ഓണം ഫെസ്റ്റ് 2K24 മത്സരങ്ങൾക്ക് നേതൃത്വം നൽകി.
* സംഘടനകളുടെ സംയുക്ത വാർഷിക പൊതുയോഗം, ഓണം ഫെസ്റ്റ് സമ്മാനദാനവും നടത്തി.

**മാതൃവേദി**

* സെപ്തംബർ 8 ഞായറാഴ്ച രാവിലെ മാതൃവേദി വാർഷിക പൊതുയോഗം നടത്തി. 8, 13, 14 തിയ്യതികളിൽ ആരാധനയോടെ വ്യാകുല വിചിന്തനവും, വ്യാകുല ജപമാലയും നടത്തി.
* സെപ്തംബർ 15 ഞായറാഴ്ച മാതൃവേദിയുടെ നേതൃത്വത്തിൽ കാഴ്ചസമർപ്പണം, തിരിതെളിയിക്കൽ, തിരുനാൾ കുർബാന, നേർച്ച വിതരണം, പതാകവന്ദനം, മെഗാ തിരുവാതിര എന്നിവ നടത്തപ്പെട്ടു.

**റോസ്മിസ്റ്റിക്ക ഡെക്കറേഷൻ സമിതി**

* സെപ്തംബർ 30ന് സംഘടനകളുടെ പതാകവന്ദനവും, ആരാധനയും, ജപമാലയും നടത്തപ്പെട്ടു.

**കുടുംബകൂട്ടായ്മ കേന്ദ്രസമിതി**

* സെപ്തംബർ 30ന് വൈകീട്ട് വി. കുർബാനയെതുടർന്ന് മരിയോത്സവമായി ബന്ധപ്പെട്ട് കുടുംബകൂട്ടായ്മകളിലേക്ക് മാതാവിന്റെ

തിരുസ്വരൂപം, ഗ്രീഗോറിയൻ ജപമാല, മരിയൻ കൊടി എന്നിവ മുത്തുക്കുടയോടെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് കൈമാറി.

**തിരുബാലസഖ്യം**

* തിരുബാലസഖ്യത്തിലെ കുട്ടികൾക്ക് Rainbow 2K24 അർദ്ധദിന സെമിനാർ സെപ്തംബർ 18ന് രാവിലെ നടത്തപ്പെട്ടു.
* ഒക്ടോബർ 1 ചൊവ്വാഴ്ച രാവിലെ 7.30ന് വയോജന ദിന സമർപ്പണം നടത്തി.

**അൾത്താരസംഘം**

* Colours 2K24 & Hered 2K24 അർദ്ധദിന സെമിനാറിന് നേതൃത്വം നൽകി.
* ഒക്ടോബർ 1ന് രാവിലെ ഡിജിറ്റൽ പ്രെയർ ഫ്രണ്ട് പോസ്റ്റർ 2024 പ്രദർശിപ്പിച്ചു.

**യൂത്ത് സി.എൽ.സി.**

* സെപ്തംബർ 17 ചൊവ്വാഴ്ച കൊളങ്ങാട്ടുകരയിൽ ബഥനി ഭവൻ സന്ദർശിച്ച് ഓണകാരുണ്യവിരുന്ന് നടത്തി.

**കെ.സി.വൈ.എം.**

* സെപ്തംബർ 29 ഞായറാഴ്ച അഗതിമന്ദിരം സന്ദർശിച്ചു.

## കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക കൺസ്ട്രക്ഷൻ കമ്മിറ്റി

*കൺവീനർ*



**രാജു ബി. ചുങ്കത്ത്**

✆ 98474 31110

*ജോ. കൺവീനർ*



**പോയ്സ് ജേബി**

✆ 99611 18927

***കമ്മിറ്റി അംഗങ്ങൾ***



എം.ആർ. ആന്റോ




ജോൺസൺ പാവു



പി.ആർ സജി



എൻ.ജെ. ജെയ്മോൻ



സി.ഒ. ആന്റണി

# ഇടവക ആൽബം

SEPTEMBER 2024

## സംഘടനകളുടെ സംയുക്ത വാർഷികം 2024



## ഇടവക കുടുംബത്തിൻറെ പ്രാർത്ഥനാശംസകൾ



## സമർപ്പിത സംഗമം 2024



## ഇടവക കുടുംബത്തിന്റെ നന്ദി...



## ഡെൽന സിസ്റ്ററിന്റെ നാമഹേതുക തിരുനാൾ ആഘോഷം



## കത്തോലിക്ക കോൺഗ്രസ് ദിനം



© MEDIA CELL KKM

# ഇടവക ആൽബം

SEPTEMBER 2024

## മാതൃവേദി ദിനം



## ഇടവക ചെറിയ തിരുനാൾ 2024 : ചിറളയം സെന്റ് മേരീസ് കപ്പേള



## യുവജന വർഷ യുവജന ക്യാമ്പ് 2K24




## ഓണ കാരുണ്യ വിരുന്ന് 2K24



## കുട്ടി കൂട്ടായ്മ ബൈബിൾ പൂക്കളം & ഓണം ബോർഡ് പ്രസന്റേഷൻ 2024



## കുടുംബ കൂട്ടായ്മ ബൈബിൾ പൂക്കളം



## ഓണം ഫെസ്റ്റ് 2024



© MEDIA CELL KKM



പാവനസ്മരണയ്ക്ക്

**19-ാം**
**ചരമവാർഷികം**
13-10-2024



# ടി.സി. ഫ്രാൻസീസ്

തറയിൽ ഹൗസ്
ചിറളയം - കുന്നംകുളം



സ്നേഹസ്മരണകളോടെ : ബന്ധുമിത്രാദികൾ

M



5-ാം ചരമവാർഷികം
06-10-2024
കൂളക്കത്ത്
ജേയ്ക്കബ്
ജോണി
ചെറുകുന്ന് - കുന്നംകുളം
ജനനം
11-05-1942
മരണം
06-10-2019
സ്നേഹസ്മരണകളോടെ
ഭാര്യ : ത്രേസ്യ
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ




3-ാം
ചരമവാർഷികം
14-10-2024
ഷീല എപ്പോൾട്ട്
W/o. എപ്പോൾട്ട്
ഇല്ലിക്കൽ ഹൗസ്, കുന്നംകുളം
സന്തപ്ത കുടുംബാംഗങ്ങൾ

## മിഴിവിളക്ക്

# മാർപാപ്പമാർ

**15-ാം നൂറ്റാണ്ട്**

205. ഇന്നസെന്റ് VII (1198-1216)
206. ഗ്രിഗറി XII (1406-1415)
207. മാർട്ടിൻ V (1417-1431)
208. എവുജീനിയസ് IV (1431-1447)
209. നിക്കോളാസ് V (1447-1455)
210. കലിക്സ്റ്റസ് III (1455-1458)
211. പീയൂസ് II (1458-1464)
212. പോൾ II (1464-1471)
213. സിക്സ്റ്റസ് IV (1471-1484)
214. ഇന്നസെന്റ് VIII (1484-1492)
215. അലക്സാണ്ടർ VI (1492-1503)

**16-ാം നൂറ്റാണ്ട്**

216. പീയൂസ് III (1503-1503)
217. ജൂലിയസ് II (1503-1513)
218. ലെയോ X (1513-1521)
219. ഹഡ്രിയാൻ VI (1522-1523)
220. ക്ലമന്റ് VII (1523-1534)
221. പോൾ III (1534-1534)
222. ജൂലിയസ് III (1550-1555)
223. മാർസെല്ലസ് II (1555-1559)
224. പോൾ IV (1559-1569)
225. പീയൂസ് IV (1566-1512)
226. വി. പീയൂസ് V (1572-1585)
227. ഗ്രിഗറി XIII (1585-1590)
228. സിക്സ്റ്റസ് V (1590-1590)
229. ഉർബൻ VII (1590-1590)
230. ഗ്രിഗറി XIV (1590-1591)
231. ഇന്നസെന്റ് IX (1591 - 1592)
232. ക്ലമന്റ് VIII (1592-1605)

***വിചിന്തനം :*** പുരോഹിതന്റെ ആത്മീയത സ്നേഹിതരിൽ നിന്ന് അകന്ന് നിൽക്കേണ്ടതല്ല. അവരോടൊപ്പം ചേരുക അത് ഒരു തരം ശിക്ഷണമാണ്. നാം ആരെക്കാളും വലിയവരല്ല, അതേസമയം ചെറിയവരുമല്ല എന്ന ബോധം കൂട്ടായ്മ നമ്മളിൽ ഉളവാക്കുന്നു. മിഴികൾ തെളിയട്ടെ.... ദൈവവിളി ഉണരട്ടെ...

മിഴികൾ തെളിയട്ടെ.... ദൈവവിളി ഉണരട്ടെ...
തയ്യാറാക്കിയത്
ഭക്തസംഘടന ഏകോപനസമിതി, കുന്നംകുളം



## ആദരാഞ്ജലികൾ

തൃശൂർ അതിരൂപതാ വൈദികൻ

**റവ. ഫാ. ചാക്കോ ചെറുവത്തൂർ അച്ചന്**

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ
ഇടവക സമൂഹത്തിന്റേയും, ടച്ച്-മീയുടെയും

**ആദരാഞ്ജലികൾ...**

ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, യൂണിറ്റും ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................................................ ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ: .................................................... ഫോൺ നമ്പർ :...................................




**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**Amal Joe Alappat**

Std : IV, Marymatha Kudumbakoottayma

"ഹായ് നല്ല സുഖം ഇതിന്റെ പുറത്ത് കിടക്കാൻ"


ചിൽഡ്രൻസ് കോർണർ



# നിറം കൊടുക്കാമോ

**ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും,ക്ലാസ്സും, യൂണിറ്റും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക**

**(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)**



പേര് : ........................................................................................ ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ : ............................................ ഫോൺ നമ്പർ :....................................

**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Nadal Lolac, Class : V , St. Joseph Kudumbakoottayma

# വചന കലണ്ടർ


## 2024 OCTOBER ഒക്ടോബർ

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | 1<br>എഫേ 3:14–19<br>മത്താ 18:1–5 | 2<br>ശ്ലീഹ 12:6–11<br>മത്താ 18:10–14 | 3<br>ഫിലി 2:5–11<br>യോഹ 17:1–8 | 4<br>ഗലാ 6:14–17<br>മത്താ 11:25–30 | 5<br>2 കോറി 3:12–18<br>യോഹ 17:20–26 |
| 6<br>പുറ 33:12–17<br>ജെറ 20:7–13<br>2 കോറി 1:3–7<br>മത്താ 11:25–30 | 7<br>യാക്കോ 5:7–11<br>ലൂക്കാ 21:5–19 | 8<br>2 കോറി 4:7–18<br>ലൂക്കാ 6:20–26 | 9<br>ഹെബ്രാ 12:4–13<br>മത്താ 14:1–12 | 10<br>ഫിലി 3:7–16<br>യോഹ 11:4–11 | 11<br>2 കോറി 5:1–10<br>യോഹ 12:20–26 | 12<br>1 പത്രോ 3:13–17<br>യോഹ 15:18–27 |
| 13<br>പുറ 20:18–21<br>ജോയേ 2:1–11<br>ഹെബ്രാ 10:19–25<br>മത്താ 25:31–46 | 14<br>1 കോറി 15:29–34<br>യോഹ 5:24–29 | 15<br>കൊളോ 2:20–3:4<br>യോഹ 14:18–24 | 16<br>1 പത്രോ 4:12–19<br>യോഹ 10:1–15 | 17<br>റോമാ 8:35–39<br>യോഹ 12:20–26 | 18<br>കൊളോ 4:10–15<br>ലൂക്കാ 10:1–9 | 19<br>2 പത്രോ 3:14–18<br>ലൂക്കാ 14:15–24 |
| 20<br>ഉത്പ 19:23–29<br>മലാ 4:1–6<br>1 തെസ 4:13–18<br>ലൂക്കാ 21:20–28 | 21<br>ഫിലി 4:1–9<br>ലൂക്കാ 21:29–36 | 22<br>വെളി 21:1–8<br>യോഹ 21:4–14 | 23<br>യാക്കോ 1:12–18<br>ലൂക്കാ 15:1–10 | 24<br>ഫിലി 2:12–18<br>ലൂക്കാ 13:22–30 | 25<br>എഫേ 2:1–10<br>യോഹ 12:44–50 | 26<br>ഫിലി 1:27–2:4<br>ലൂക്കാ 9:49–56 |
| 27<br>നിയ 11:1–7<br>ജ്ഞാനം 6:1–10<br>1 തെസ 5:12–24<br>മത്താ 12:22–32 | 28<br>എഫേ 6:10–17<br>യോഹ 15:18–25 | 29<br>2 കോറി 11:12–15<br>മത്താ 24:23–28 | 30<br>2 പത്രോ 2:1–10<br>മർക്കോ 13:1–8<br>21–23 | 31<br>യൂദാ 1:8–16<br>ലൂക്കാ 11:37–44 | 1<br>1 യോഹ 3:1–3<br>മത്താ 5:1–12 | 2<br>2 കോറി 15:51–58<br>യോഹ 11:17–27 |



# 9-ാം
# ചരമ വാർഷികം

13-10-2024



## ആലപ്പാട്ട് തോമ
## അന്തോണി

ജനനം
11-10-1943

മരണം
13-10-2015

സ്നേഹസ്മരണകളോടെ
ഭാര്യ, മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ



## 41-ാം
## ചരമദിനം
02-10-2024



### ചക്രമാക്കിൽ ജോണി ഭാര്യ

ജനനം
02 - 08 - 1938

# മേരി

മരണം
23 - 08 - 2024

### തെക്കേ അങ്ങാടി - കുന്നംകുളം

**പ്രാർത്ഥനാപൂർവ്വം : മക്കൾ, പേരമക്കൾ**

Published by : Chief Editor, Touchme, Kunnamkulam - for Private Circulation only
Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM